# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 06 No. 19 THE ONLINE OFFICIAL NEWS BULLETIN 2023 May 13


## SEASON OF RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 14 4th Sunday after New Sunday ♪5 | 15 ✠ Feast of St. Mary for the Crops Comme. of St. Isaac of Ninave, Doctor of the Church ♪1  | 16 33rd Memorial of Yuhanon Mar Severios Metropolitan ✠ (Koratti Zion Seminary) ♪5  | 17 ♪1 | 18 ✠ Suloqo Ascension of our Lord ♪5  | 19 198th Memorial of Punnathra Mar Dionysius III ✠ (Kottayam Cheriya Palli) AWAITING HOLY SPIRIT ♪1  | 20 Comme. of the 4 Evangelist, All fathers of the 3 Ecumeniacal Synods ♪5 |



പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഡോ. വന്ദനയുടെ വീട്ടിലെത്തി മാതാപിതാക്കളെ ആശ്വസിപ്പിക്കുന്നു.

## ഫാ. വിവേക് വർഗീസ് വിദ്യാർത്ഥിപ്രസ്ഥാനം കേന്ദ്ര ജനറൽ സെക്രട്ടറി



കോട്ടയം: മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം (MGOCSM) ജനറൽ സെക്രട്ടറിയായി ഫാ. ഡോ. വിവേക് വർഗീസിനെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ നിയമിച്ചു.

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്ന് ബിരുദവും , മാന്നാനം കെ.ഇ. കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും, റോമിലെ പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും, ഡോക്ടറേറ്റും നേടിയ ബഹു. അച്ചൻ, MGOCSM കാതോലിക്കേറ്റ് കോളജ് യൂണിറ്റ് സെക്രട്ടറി, MGOCSM പന്തളം ഡിസ്ട്രിക്ട് ഓർഗനൈസർ, MGOCSM ചെങ്ങന്നൂർ ഭദ്രാസന കമ്മിറ്റി അംഗം, MGOCSM കേന്ദ്ര സ്റ്റുഡന്റ് വൈസ് പ്രസിഡന്റ് എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകാംഗമാണ്.




മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ചിന്റെ ചർച്ച് അക്കൗണ്ട്സ് മാനുവൽ എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു. പുസ്തകത്തിന്റെ ആദ്യ കോപ്പി പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാന് നൽകി. ഡോ. മാത്യൂസ് മാർ തിമോത്തിയോസ്, ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ പ്രസംഗിച്ചു.




അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം പരിശീലന ക്യാമ്പ് പരുമല സെമിനാരിയിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.




## വിനോദ് കെ. ജേക്കബ് ബഹ്റിനിലെ ഇന്ത്യൻ അംബാസിഡർ

ന്യൂഡൽഹി: ബഹ്റിനിലെ ഇന്ത്യൻ അംബാസിഡറായി വിനോദ് കെ. ജേക്കബ് നിയമിതനാകുന്നു. 2000 ബാച്ച് ഐ.എഫ്. എസ്. ഉദ്യോഗസ്ഥനാണ്. ചെന്നൈ കോയമ്പേട് സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകാംഗം വി. കെ. ജേക്കബിന്റെ മകനാണ്. വീയപുരം ആണ് സ്വദേശം.


Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

# മുറിഞ്ഞുപോയത് നമ്മുടെ അഹംബോധം



## പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ

ചില സന്ദർഭങ്ങളിൽ നമുക്കറിയാവുന്ന ഒരു ഭാഷയും മതിയാകില്ല ഉള്ളിലുള്ളതിനെ പുറത്തറിയിക്കാൻ. അക്ഷരങ്ങൾ ചിതറിപ്പോകും,വാക്കുകൾ മുറിയും. എന്താണ് പറയേണ്ടത്,എങ്ങനെയാണ് പറയേണ്ടത് എന്നറിയാതെ നാം നിസ്സഹായരാകും. അങ്ങനെയൊരു അവസ്ഥയാണ് ഇപ്പോൾ. നിങ്ങളെല്ലാവരുടെയും ഹൃദയത്തിലെന്നപോലെ എനിക്കുള്ളിലും ഇപ്പോൾ ഡോ. വന്ദന ദാസ് എന്ന പെൺകുട്ടിയാണ്. ഇന്ന് ഡോ. വന്ദനയുടെ ശ്വാസം ഇപ്പോഴും നിറഞ്ഞുനിൽക്കുന്ന വീട്ടിൽ ആ കുട്ടിയുടെ മാതാപിതാക്കൾക്ക് മുന്നിൽ നിന്നപ്പോൾ ഞാൻ പഠിച്ച വേദപുസ്തകങ്ങളിലെ വചനങ്ങളും വായിച്ച പുരാണങ്ങളിലെ അധ്യായങ്ങളുമൊന്നും മതിയാകാതെ വരുന്നതായി തോന്നി. കത്രികക്കുത്തേറ്റ് മുറിഞ്ഞുപോയത് പരിഷ്കൃതർ എന്ന് അഭിമാനിക്കുന്ന നമ്മുടെയെല്ലാം അഹംബോധമാണ്. നാം എവിടെ നിൽക്കുന്നു എന്നതിന്റെ പ്രതീകമായി വേണം ഈ ദാരുണസംഭവത്തെ കാണേണ്ടത്.

സ്വന്തം കർത്തവ്യനിർവഹണത്തിനിടെ ആ പാവം കുട്ടിക്കെതിരേയുയർന്ന ആയുധത്തിന്റെ മറ്റേയറ്റത്തുള്ളത് കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വിപത്താണ്-ലഹരി. അതിന്റെ രാക്ഷസക്കൈകൾ എത്രത്തോളം സമൂഹത്തെ വരിഞ്ഞുമുറുക്കി എന്നത് ഇന്നലെ മുതൽ പേടിപ്പെടുത്തുന്ന സ്വപ്നമായി മാറിക്കഴിഞ്ഞു. നാളെ നമ്മളിൽ ആർക്കും നേരെ ലഹരിമരുന്ന് കത്തിയുടെയോ തോക്കിന്റെയോ കോടാലിയുടെയോ രൂപത്തിൽ പാഞ്ഞുവരാം. മയക്കുമരുന്നും അത് സൃഷ്ടിച്ച മനോനില തെറ്റിയ അടിമകളും മരണവുമായി നിഴൽപോലെ പിന്നിലുണ്ട് എന്ന തോന്നലിന്റെ ഭീതിയിലായിക്കഴിഞ്ഞു മലയാളിയുടെ ജീവിതം.

മയക്കുമരുന്നിന്റെ കച്ചവടവും ഉപയോഗവും തടയുന്നതിൽ നമ്മുടെ ഭരണസംവിധാനങ്ങൾ പരാജയപ്പെടുന്നു എന്ന് പറയാതെ വയ്യ. അഴിമതിയുടെയും കൈക്കൂലിയുടെയും പഴുതിലൂടെ കുറ്റവാളികൾ രക്ഷപ്പെടുകയാണ്. അത് ഒരു ജനതയുടെ സ്വൈരജീവിതത്തിനു ഭീഷണിയാകുന്നു എന്നത് ഭരണാധികാരികൾ കാണാതിരിക്കരുത്. അനുഭവം വരുമ്പോൾ മാത്രം ഉണർന്നെണീക്കുന്ന പതിവാണ് നമ്മുടെ സർക്കാർ സംവിധാനങ്ങളുടേത്. രണ്ടുദിവസംമുമ്പ് വരെ ബോട്ട് യാത്രയുടെ സുരക്ഷാ പരിശോധനകളായിരുന്നു. അത് പാതിവഴിയിലുപേക്ഷിച്ച് ഇന്നിപ്പോൾ ഡോക്ടർമാരുടെ സുരക്ഷയായിരിക്കുന്നു പ്രധാന പരിഗണനാവിഷയം. അരുംകൊലകളാകരുത് നമ്മുടെ നിയമം നടപ്പാക്കലിന്റെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത്. വിനോദയാത്രചെയ്യുന്ന കുട്ടികളും ബോട്ടിൽ യാത്ര ചെയ്യുന്നവരും കുറ്റവാളിയെ ശുശ്രൂഷിക്കുന്ന ഡോക്ടർമാരും ഒരേപോലെ സുരക്ഷിതരായിരിക്കണം.



ഒരപകടമുണ്ടാകുമ്പോൾ കുറച്ചുദിവസം അതുണ്ടാകാതിരിക്കാനുള്ള പാഴ്ശ്രമങ്ങൾ നടത്തുകയും മറ്റൊന്നുണ്ടാകുമ്പോൾ ആദ്യത്തേതിനെ മറന്ന് രണ്ടാമത്തേതിന്റെ പിറകേ പോകുകയും ചെയ്യുന്ന പതിവ് ശൈലി ഇനിയെങ്കിലും അവസാനിപ്പിക്കണം. എല്ലാമേഖലകളിലും സുരക്ഷാനിയമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എക്കാലവും ഉറപ്പിക്കപ്പെടണം. ജലരേഖകളായിപ്പോകരുത് ഉറപ്പുകളും, വാദ്ഗാനങ്ങളും. നാളെ ഒരു ഡോക്ടറിനുനേർക്കും അക്രമി കത്രികയോങ്ങരുത്. ഡോ. വന്ദനയ്ക്ക് നേരെയുണ്ടായ അക്രമത്തെ തടയുന്നതിൽ പോലീസിന് വീഴ്ച പറ്റി എന്ന പൊതുഅഭിപ്രായത്തിൽ ശരിയുണ്ട്. അക്രമാസക്തനായ ഒരാളുടെ മുന്നിലേക്ക് ആ പെൺകുട്ടിയെ വലിച്ചെറിഞ്ഞ് കൊടുത്തിട്ട് മുറി പൂട്ടി മാറി നിൽക്കരുതായിരുന്നു നമ്മുടെ പോലീസിന്റെ ശൗര്യവും അതിലുപരി മനുഷ്യത്വവും. നഷ്ടപ്പെട്ടത് ഒരു കുടുംബത്തിന്റെ വാത്സല്യവും സ്നേഹവും പ്രതീക്ഷയും സ്വപ്നങ്ങളുമൊക്കെയാണ്. അവയെ കുത്തിക്കൊല്ലാൻ അനുവദിച്ചതിൽ നമുക്കെല്ലാവർക്കും പങ്കുണ്ട്.

ഡോ. വന്ദനയുടെ മാതാപിതാക്കളുടെ സങ്കടത്തിൽ പങ്കുചേരുന്നു. ഈ വലിയ വേദന സഹിക്കാൻ അവരെ ദൈവം ശക്തരാക്കട്ടെ. അവരുടെ കണ്ണീരിന് ഒരു വാക്കും പകരമാകില്ല. എങ്കിലും പ്രപഞ്ചശക്തിയുടെ കരങ്ങളിലും ചേർത്തുപിടിക്കലിലും അവർ കുറച്ചെങ്കിലും സ്വസ്ഥരാകട്ടെ. ലോകമെങ്ങും മനുഷ്യരാശിയെ മയക്കിക്കൊല്ലുന്ന മദ്യത്തിന്റെയും ലഹരിമരുന്നിന്റെയും നീരാളിപ്പിടുത്തത്തിനെതിരേ സമൂഹമനഃസാക്ഷി ഒന്നിച്ച് അണിനിരക്കേണ്ട സമയമാണിത്. അതിനായി മതവിശ്വാസികളും നേതൃത്വവും സാമൂഹികസംഘടനകളും കൈകോർത്ത് ജനകീയമുന്നേറ്റം തന്നെ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അതാകും ഡോ.വന്ദനയുടെ ആത്മാവിനോട് ചെയ്യാനാകുന്ന ഏറ്റവും കുറഞ്ഞ നീതി. അതിനൊപ്പം നമ്മുടെ ഭരണസംവിധാനത്തോട് ഒരിക്കൽക്കൂടി പറയട്ടെ, അരുംകൊലകളുണ്ടാകുമ്പോൾ മാത്രം ഉണരുന്നതാകരുത് നിങ്ങളുടെ ജാഗ്രത.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം



# വിശുദ്ധ രഹസ്യങ്ങൾ

## മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

### അദ്ധ്യായം 2 (തുടർച്ച)


[11] (തബലീത്ത) ഒരു ശോശപ്പാകൊണ്ട് മൂടിയിരിക്കുന്നു. ഇത് പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ മൂലം പ്രശോഭിതമായ മോശയുടെ മുഖം പോലെ ആകുന്നു. മോശയെപ്പോലെ ഇസ്രായേൽമക്കൾക്ക് വിശുദ്ധിയും വെടിപ്പും ഇല്ലാത്തതിനാൽ അവർക്ക് അവനെ നോക്കുവാൻ കഴിയാത്തതിനാൽ അവൻ മുഖം മൂടിയ ശോശപ്പായെ സൂചിപ്പിക്കുന്നു. ഇപ്രകാരം വിശുദ്ധ പള്ളിക്കുള്ളിലും തബലീത്തായുടെ മേൽ ശോശപ്പാ വച്ചിരിക്കുന്നു. തന്മൂലം വെടിപ്പില്ലാത്തവർ കാണുകയുമില്ല. അതുപോലെ തബലീത്തായിൽ എന്താണ് മറഞ്ഞിരിക്കുന്നതെന്ന് മനസ്സിലാകുകയുമില്ല.

വീണ്ടും തബലീത്തായുടെ മേൽ വിരിച്ചിരിക്കുന്ന ശോശപ്പാ ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ കർത്താവേശുമിശഹായുടെ കൈകളിലും കാലുകളിലും വിലാപ്പുറത്തും ഉള്ള ദ്വാരങ്ങളുടെ മേൽ വിരിച്ചിരിക്കുന്ന മൂടിയെയാണ്. അതുപോലെ ദൈവം തന്റെമേൽ സ്വീകരിച്ച കഷ്ടതകൾ സ്വർഗ്ഗീയ സൈന്യങ്ങൾ കാണാതെ അവരുടെമേൽ വച്ച രഹസ്യത്തേയും സംരക്ഷണത്തേയും (സൂചിപ്പിക്കുന്നു).

ശോശപ്പാ തബലീത്തായുടെ മേലിൽനിന്ന് എടുക്കുമ്പോൾ അത് (തബലീത്താ) കാണപ്പെടുന്നതുപോലെ നമ്മുടെ കർത്താവേശുമിശിഹാ തന്റെ കഷ്ടതയാൽ അറിവില്ലായ്മയുടെ മൂടി ഉയർത്തപ്പെടുവാൻ പോകുന്നു. മരിച്ചവരുടെ ഇടയിൽനിന്നുള്ള തന്റെ ഉയിർപ്പാൽ താൻ ഇസ്രായേൽ മക്കളാൽ എങ്ങനെ പീഡ ഏൽക്കുമെന്ന് എല്ലാവരേയും വ്യക്തമായി കാണിക്കുവാൻ പോകുന്നു എന്നും ഇസ്രായേൽ മക്കൾ തങ്ങളുടെ ഭോഷത്തരങ്ങളാൽ ന്യായം വിധിക്കപ്പെടുകയും ആകൽക്കറുസായോടും അവന്റെ സൈന്യങ്ങളോടും കൂടെ അവർ ശിക്ഷിക്കപ്പെടുകയും ചെയ്യും. *അവർ കുത്തിത്തുളച്ചവനെ അവർ നോക്കും* (സഖറിയാ 12:10) എന്ന് ദിവ്യനായ സഖറിയാ പ്രവാചകൻ പറഞ്ഞ വാക്ക് അവിടെ നിവൃത്തിയായി. വീണ്ടും ദേശം വിലപിക്കും *കുലം കുലമായും നാഥാന്റെ കുലവും* (സഖറിയാ 12:12) എന്ന് അവനെക്കുറിച്ചുള്ള സുവിശേഷ വചനം അറിയപ്പെടും. അവർ കുരിശിക്കുകയും ആണികളാൽ തുളച്ച് ആരുടേയും സഹായമില്ലാതെ അവർ കാണപ്പെടുകയും ചെയ്തവൻ ദൈവമാകുന്നു എന്ന് ഇസ്രായേൽ കുലങ്ങൾ എല്ലാം ഒന്നിച്ച് വിലപിക്കും.

[12] തബലീത്തായുടെ മുകളിലുള്ള ശോശപ്പായുടെ മുകളിൽ വച്ചിരിക്കുന്ന പീലാസായും കാസായും ഉന്നതമായ സാരാംശത്തോടുകുടിയ സ്വർഗ്ഗീയ സൈന്യങ്ങൾ ദൈവത്തെ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

രഹസ്യങ്ങളുടെ പാത്രങ്ങൾ വ്യത്യസ്ഥങ്ങളാണ്. അവയിൽ ചിലത് സ്വർണ്ണവും ചിലത് വെള്ളിയും മേൽത്തരം കല്ലുകൊണ്ടുള്ളതും ഗ്ലാസ്സുകൊണ്ടുള്ളതും തകരം കൊണ്ടുള്ളതും ആയിരിക്കാം. അതായത്, ദൈവം പരിശുദ്ധ സഭയുടെ മക്കളിൽ നിന്ന് സ്വീകരിക്കപ്പെടുമ്പോൾ അവരാരുംതന്നെ ഒരുപോലെയല്ല അവനെ സ്വീകരിക്കുന്നത്. എന്നാലോ അവരിൽ ചിലർ സ്വർണ്ണം പോലെ പൂർണ്ണന്മാരായവർ അവനെ സമീപിക്കുന്നവരിലുണ്ട്. ചിലാരാകട്ടെ




വെള്ളി പോലുള്ള നീതിമാന്മാരായും പുണ്യവാന്മാരായും ചിലരാകട്ടെ ഗ്ലാസ്സുപോലുള്ളവരും അതായത് മാമൂദീസായിലൂടെ സ്വീകരിച്ച പരിശുദ്ധാത്മാവിനെ കാത്തുകൊള്ളുകയും അവരിൽ കളങ്കം ഏൽപ്പിക്കാതിരിക്കുകയും ചെയ്തവരും, മറ്റു ചിലരാകട്ടെ മേൽത്തരം കല്ലുകൊണ്ടുള്ളപോലെയും അതായത് ദൈവിക വചനങ്ങളാൽ ഇരുളിന്റെ മറവിലിരിക്കുന്നവരെ വെളിച്ചമാകുന്ന അറിവിലേക്ക് തിരിക്കുന്നവരും അവരെയും മറ്റുള്ളവരേയും പ്രകാശിപ്പിക്കുന്നവരുമായ തീഷ്ണമതികളായ ഗുരുക്കന്മാരേപ്പോലെയുള്ളവരും. തകരം പോലെയുള്ളത് തങ്ങൾ കുറവുള്ളവരായിരിക്കെ അവനെ സ്വീകരിക്കുന്നവരാണ്. ഇപ്രകാരം പരിശുദ്ധ സഭയിൽ വിവിധങ്ങളായും സൂചനാപരമായും പാത്രങ്ങളെ ക്രമീകരിക്കാവുന്നതാണ്.

[13] കുർബ്ബാന അപ്പങ്ങൾ ഓരോന്നായി വേർതിരിച്ച് പീലാസായിൽ ക്രമീകരിക്കുന്നു. അതുപോലെ ഓരോന്നും പല ഭാഗങ്ങളായി മുറിക്കപ്പെടുന്നു. തന്റെ അനുഗ്രഹീത ഭവനങ്ങളിൽ ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഈ തെരഞ്ഞെടുക്കപ്പെട്ട അപ്പം (പ്രിസ്തോ) നൽകും എന്നാണ് ഇത് സൂചിപ്പിക്കുന്നത്. റൂശ്മാകളാൽ അവയിൽ ഓരോ ഭാഗങ്ങളും മുറിക്കപ്പെടണം. അത് എല്ലാവർക്കും ഓരോരോ ഭവനങ്ങളിലേക്കുള്ള വിവിധങ്ങളായ ദാനങ്ങളെയും വിശുദ്ധ മനുഷ്യരുടെ വിവിധങ്ങളായ പ്രവൃത്തികൾ മൂലം ദൈവത്തിന്റെ ഇഷ്ടം പോലെ തന്റെ എല്ലാ തെരഞ്ഞെടുക്കപ്പെട്ടവർക്കും അവൻ നീതിയോടെ പ്രതിഫലം നൽകുന്നു എന്നതിനേയുമാണ് സൂചിപ്പിക്കുന്നത്.

[14] പീലാസാ ഇവിടെ ഏദൻ (തോട്ടത്തെയാണ്) സൂചിപ്പിക്കുന്നത്. ധാരാളമായ അനുഗ്രഹങ്ങൾ മൂലമാണ് അതിനെ ഏദൻ എന്ന് വിളിക്കപ്പെടുന്നത്. അതിൽ ഉൽകൃഷ്ഠവും പൂർണ്ണമായതും എല്ലാ തരത്തിലുമുള്ള ആഗ്രഹിക്കത്തക്ക ആത്മീയ നന്മകളും ഉണ്ട്.

കാസാ സൂചിപ്പിക്കുന്നത് ആഴമേറിയതും അന്തമില്ലാത്തതുമായ ദൈവിക ഭാവത്തെയാണ്. അതിലുള്ള വീഞ്ഞ് ദൈവം തന്റെ വേലക്കാർക്ക് നൽകുവാൻ പോകുന്ന സന്തുഷ്ടിയേയും സന്തോഷത്തേയും നിറഞ്ഞുതുളുമ്പുന്ന അനുഗ്രഹത്തെയുമാണ് സൂചിപ്പിക്കുന്നത്. അതുപോലെ വീണ്ടും, കാസായുടെ അടിത്തട്ടിലുള്ള വീഞ്ഞ് പുതിയ ലോകത്തിൽ ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എപ്രകാരമാണ് വെളിപ്പെടുവാൻ പോകുന്നത് എന്നാണ് സൂചിപ്പിക്കുന്നത്. എത്രമാത്രമായിരിക്കും അവന്റെ ഒളിവും തെളിവും, കാരണം ദൈവം തന്റെ ശ്ലീഹന്മാരോട് പറഞ്ഞതുപോലെ ആ രാജ്യം കാഴ്ചയ്ക്കും ഹൃദയത്തിനും കേൾവിക്കും അതീതമാകുന്നു (1കൊരി 2:9).

[15] എന്താകുന്നു അന്നാഫോറാ? അതായത്, മനുഷ്യമക്കളുടെ രക്ഷയ്ക്കു വേണ്ടി സംഭവിക്കുവാനിരിക്കുന്നതും മുമ്പുകൂട്ടി തയ്യാറാക്കിയവയുമായ ദൈവത്തിന്റെ രക്ഷാപദ്ധതിയേക്കുറിച്ചുള്ള സൂചകങ്ങളേയും നിഴലുകളെയുമാണ് വിശുദ്ധ രഹസ്യങ്ങൾക്ക് മേലെയുള്ള അന്നാഫോറാ സൂചിപ്പിക്കുന്നത്. വീണ്ടും അന്നാഫോറാ *അവൻ അന്ധകാരത്തെ തന്റെ മറവിടവും അവന്റെ കൂടാരത്തെ അത് ചുറ്റിയും ഇരിക്കുന്നു* (സങ്കീ 19:11) എന്ന് ദിവ്യനായ ദാവീദ് പ്രവാചകൻ മൂലം അരുളിച്ചെയ്തതുപോലെ ആകുന്നു. അതായത്, അവന്റെ മറവിടമാകുന്ന ഇരുൾ എല്ലാവരുടെ മേലും ഉള്ള അജ്ഞതയാകുന്നു. അതായത് സൃഷ്ടികളിൽ ഒന്നിനുപോലും വചനമായ ദൈവത്തിന്റെ ഘടന അതായത് ദൈവത്വം മനുഷ്യത്വത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുയെന്ന് അറിയുന്നില്ല.

വീണ്ടും, എല്ലാവർക്കും ദൈവത്തിൽ നിന്ന് നൽകപ്പെട്ട കഴിവ് അതായത് അപ്പവും വീഞ്ഞും എങ്ങനെ ദൈവത്തിന്റെ ശരീരവും രക്തവും ആയിത്തീർന്നു എന്ന് ഗ്രഹിക്കുവാനുള്ള കഴിവില്ലായ്മയേയാണ് അന്നാഫോറാ സൂചിപ്പിക്കുന്നത്. വീണ്ടും ആകൽക്കറുസായുടേയും അവന്റെ സൈന്യങ്ങളുടേയും മേൽ വയ്ക്കപ്പെട്ടിരിക്കുന്ന ഇരുളും നമ്മുടെ കർത്താവേശുമിശിഹാ സത്യമായും ദൈവമാണെന്ന് ക്രൂശു വരെയുള്ള എല്ലാ മനുഷ്യർക്കുമുള്ള തിരിച്ചറിവില്ലായ്മയേയും ആണ് (അന്നാഫോറാ) ചൂണ്ടിക്കാണിക്കുന്നത്. വീണ്ടും അന്നാഫോറാ നമ്മുടെ കർത്താവേശുമശിഹായുടെ മാമോദീസായുടെ (സമയത്ത്) അവന്റെ മേൽ പ്രാവിന്റെ രൂപത്തിൽ ഇറങ്ങുകയും ചെയ്യുന്നതുവരെ പരിശുദ്ധാത്മാവ് മറഞ്ഞും അറിയപ്പെടാതിരിക്കുകയും ചെയ്തതിനെ സൂചിപ്പിക്കുന്നു. ദൈവത്തെ അറിയാതെയിരിക്കുവാൻ സകല മനുഷ്യവർഗ്ഗത്തിന്റേയും മേൽ നിയമിച്ചിരുന്ന അജ്ഞതയെയും അതിലൂടെ വിഗ്രഹാരധനയിലേക്കുള്ള വീഴ്ചയേയും അന്നാഫോറാ സൂചിപ്പിക്കുന്നു. വീണ്ടും അന്നാഫോറാ (കർത്താവിന്റെ) കബറിന്റെ വാതിലിൽ സ്ഥാപിച്ചതായ പാറയെ ഓർപ്പിക്കുന്നു.

അവരുടെ ഇടയിൽ അവർക്ക് വേണ്ടി വിശുദ്ധ രഹസ്യങ്ങൾ ഉയർത്തുന്നു. അതായത് കുർബ്ബാന അണയ്ക്കുന്ന (ആൾ മദ്ധ്യത്തിലും) തെക്കും വടക്കും ആയി മൂന്ന് പട്ടക്കാർ ഇവിടെ മൂന്ന് പ്രാവശ്യം ഉയർത്തുന്നു. അതായത് കുർബ്ബാന അണയ്ക്കുന്ന ആൾ ആദ്യം ഉയർത്തുന്നു. സകല സൃഷ്ടികളിൽ നിന്നും സൂചനകളെയും നിഴലുകളെയും തന്റെ ബലിയാൽ ഉയർത്തിയവനായ വചനമായ ദൈവത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. വീണ്ടും, അജ്ഞതയെ എല്ലാ ജനതയിൽ നിന്നും നീക്കുകയും അപ്രകാരം അവൻ ദൈവമാകുന്നു എന്നും അവൻ സത്യമായിട്ടും അനാദ്യന്ത പിതാവിന്റെ പുത്രനാകുന്നു എന്നും അവർ അറിയുകയും ചെയ്തു. അല്ലാതെ ഇസ്രായേൽ ജനതയക്കല്ല അവനിൽ പ്രത്യാശ ഉണ്ടായിരുന്നത്.

വീണ്ടും, പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും ഉയർത്തുന്നത്. ദൈവം പടിഞ്ഞാറേക്ക്, അതായത് അന്ധകാരത്തിൽ ആയിരുന്ന എല്ലാവരുടേയും അടുക്കലേക്ക്, വന്നതിനാലാണ് പടിഞ്ഞാറുനിന്ന് ഉയർത്തുന്നത്. അതായത് പടിഞ്ഞാറ് നിന്നുള്ളവർ കാണുമ്പോൾ റോമാക്കാരിൽനിന്ന് അന്ധകാരം നീക്കപ്പെടുന്നു. അതുപോലെ തെക്കുനിന്നുള്ളവർ, അതായത്, *കൂശ് ദൈവത്തിങ്കലേക്ക് കൈനീട്ടും* (സങ്കീ. 68:31) എന്ന് ദിവ്യനായ ദാവീദ് പ്രവാചകൻ പറയുന്നതുപോലെ ഈജിപ്റ്റിലെ ഹാമിന്റെ മക്കളും ഇന്ത്യക്കാരും ആവരണത്തിൽ നിന്ന് എഴുന്നേറ്റു. ഇനി വടക്കുനിന്ന്. അതായത് വടക്ക് പേർഷ്യയിലുള്ളവരായിരുന്ന വിദ്വാന്മാരിൽ നിന്ന് മൂടുപടം മാറ്റിയപ്പോൾ പേർഷ്യ ഊർശ്ലേമിന് വടക്കാണെന്ന് വ്യക്തമായി മനസ്സിലാക്കി. നക്ഷത്രം മുഖേനെ അവർ മനസ്സിലാക്കപ്പെട്ടു. നക്ഷത്രം മൂലമാണ് ഇവ അവർക്ക് വെളിപ്പെട്ടത്. ഗബ്രിയേൽ മാലാഖ അവരെ നയിച്ചിരുന്നതുകൊണ്ട് അവന്റെ മധ്യസ്ഥം മൂലം ഊർശ്ലേമിൽ ജനിച്ച രാജാവും ദൈവവുമായവനെക്കുറിച്ച് അവർക്ക് അറിവ് ലഭിച്ചു.



അന്നാഫോറാ (ശോശപ്പാ) കിഴക്കുനിന്ന് ഉയർത്തുന്നത് ശരിയല്ല. അതായത്, കിഴക്കുഭാഗം അറിവില്ലായ്മയുടെ മൂടുപടമില്ലാത്ത വിശുദ്ധ മാലാഖമാരെയാണ് സൂചിപ്പിക്കുന്നത്. അതുപോലെ കിഴക്ക് എല്ലായ്പ്പോഴും വെളിച്ചത്തിന്റേതാണ്, അങ്ങനെയാണ് സ്വർഗ്ഗീയ സൈന്യങ്ങൾ എല്ലായിപ്പോഴും വെളിച്ചത്തിൽ ആയിരിക്കുന്നത്. അവർ ഒരിക്കലും തെറ്റിപ്പോയിട്ടുമില്ല അവനെ തള്ളിപ്പറഞ്ഞിട്ടുമില്ല. എന്നാലോ സ്വഭാവത്തിലും (ദീലോയ്തോ) ആളത്വത്തിലും (ക്നൂമോ) ഒഴികെ സകലത്തിലും അവന്റെ പിതാവിനോടുകൂടെ പുത്രൻ അനാദിയായി സമനാണെന്ന് ഏറ്റുപറയുകയും പിതാവിന്റെ സ്വഭാവം പുത്രന്റേതുപോലെ അല്ല അത് ജനനമില്ലാത്തതായി മനസ്സിലാക്കുകയും ചെയ്തു. ജനനം പുത്രന്റെ (സ്വഭാവം) ആകുന്നു പിതാവിന്റേതല്ല. അതുപോലെ പുത്രന് ജനനമില്ലായ്മ ഇല്ലാത്തതുപോലെ പിതാവിന്റെ ക്നൂമാ അല്ല പുത്രന്റേത്. വീണ്ടും, പിതാവിന് ജനനം ഇല്ലാത്തതുപോലെ പുത്രന്റെ ആളത്വം അല്ല പിതാവിനുള്ളത്. ക്നൂമാകളിലും സ്വഭാവങ്ങളിലും ഒഴികെ സകലത്തിലും പിതാവും പുത്രനും പരിശുദ്ധാത്മാവും സമന്മാരാണെന്ന് മാലാഖമാർ ഏറ്റുപറയുന്നു. അതുകൊണ്ട് ഇവിടെപ്പറഞ്ഞ പല കാരണങ്ങളാൽ ശോശപ്പാ കിഴക്കുനിന്ന് ഉയർത്തുന്നത് ശരിയല്ല.

[16] കുർബ്ബാന അർപ്പിക്കുന്ന (പട്ടക്കാരനോടൊപ്പം) തെക്കുനിന്നും വടക്കുനിന്നും പട്ടക്കാർ ശോശപ്പാ ഉയർത്തട്ടെ. തെക്കുള്ള പട്ടക്കാരൻ ഇസ്രായേലിന്റെ മേൽ അധികരമുള്ള മീഖായേലിനെയാകുന്നു സൂചിപ്പിക്കുന്നത്. അതുപോലെ അവൻ പരിശുദ്ധ ശ്ലീഹന്മാരും നിരവധിയായ ഇസ്രായേൽ ജനത്തിൽ നിന്ന് വന്ന നിരവധിയായവർ വിശ്വാസികളായവരോട് ചേർന്ന് ശോശപ്പാ ഉയർത്തുന്നു. വടക്കുള്ള പട്ടക്കാർ ഗബ്രിയേലിനെയാണ് സൂചിപ്പിക്കുന്നത്. അവൻ വിദ്വാന്മാരുടെ (നാടായ) വടക്കുള്ളവർക്ക് അധികാരിയാകുന്നു. കാരണം അവനായിരുന്നു (ഗബ്രീയേൽ) വിദ്വാന്മാരെ ദൈവത്തിന്റെ അടുക്കലേക്ക് വരുവാൻ നയിച്ചത്.

മൂന്ന് പ്രാവശ്യം ശോശപ്പാ ഉയർത്തുന്നത് സൂചിപ്പിക്കുന്നത് എഴുതപ്പെട്ട നിയമങ്ങളിൽ വിഗ്രഹഭയത്തിന്റെ (വിഗ്രഹാരാധനയുടെ) അന്ധകാരം നീക്കപ്പെടുകയും പിതാവ് പിതാവും സകലത്തിന്റേയും ദൈവവുമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. സുവിശേഷ-നിയമത്തിലും അതുപോലെ കുരിശിലും പുത്രൻ പുത്രനും ദൈവവും ആണെന്നും മനസ്സിലാക്കപ്പെടുകയും പെന്തിക്കോസ്തിയിൽ ആത്മാവ് പിതാവിൽനിന്ന് പുറപ്പെടുന്നവനും ദൈവവും ആണെന്ന് മനസ്സിലാകുകയും ചെയ്തു.

[17] പുരോഹിതനു പിറകിലായിട്ടായിരിക്കണം ശെമ്മാശ്ശൻ നിൽക്കേണ്ടത് ശെമ്മാശ്ശന് പിറകിലായി ജനവും. ശെമ്മാശ്ശൻ പുരോഹിതന് പിന്നിൽ നിൽക്കുന്നത് ദൈവത്തിന്റെ പിന്നിലുള്ള വിശുദ്ധ മാലാഖമാരെ സൂചിപ്പിക്കുന്നതിനാണ്. അവർ അവന്റെ സ്വഭാവത്തെയും ശക്തിയേയും പരിശോധിക്കുവാൻ ഒരുമ്പെട്ടില്ല.

നല്ലവണ്ണം നിൽക്കണമെന്ന് പ്രസംഗിക്കുകയും പറയുകയും ചെയ്യുന്നു. അതായത്, ഇവിടെ അത് സൂചിപ്പിക്കുന്നത് ശെമ്മാശ്ശൻ ഒരു പർവ്വതവും ആകൽക്കറുസായും അവന്റെ സൈന്യങ്ങളും അവനിൽ തട്ടി വീണു എന്നുമാണ്. അവന്റെ പിന്നിലുള്ള വിശ്വാസികളായ ജനം ആകൽക്കറുസായോടും അവന്റെ സൈന്യങ്ങളോടും കൂടെ വീണുപോകാത്ത വിശുദ്ധ മാലാഖമാരെ സൂചിപ്പിക്കുന്നു. എല്ലാ മാലാഖമാരും വീണുപോയി എന്ന് നായകന്മാരല്ലാത്ത

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

സകല മാലാഖമാരും വിചാരിച്ചതുകൊണ്ട് മാലാഖമാരുടെ തലവന്മാർ വീഴാത്തവരായ സഭ മുഴുവനോടും നന്നായി നിൽക്കുവാൻ ഉറക്കെ പറയുവാൻ ആരംഭിച്ചു. അതായത്, നല്ലവനായ ദൈവത്തിന്റെ മുമ്പാകെ നമ്മുടെ നിൽപ്പ് നല്ലപോലെ ആയിരിക്കട്ടെ. വിശ്വാസികൾ അത് കേൾക്കുന്നത് മാലാഖമാർ എല്ലാവരും തങ്ങളുടെ തലവന്മാരേ അനുസരിക്കുന്നതിനെയും ദൈവത്തിനു വിരോധമായി കലഹിച്ചവരോടുകൂടെ വീഴാതിരുന്നതിനേയും സൂചിപ്പിക്കുന്നു.

**ഭയത്തോടെ.** അതായത്, ദൈവികമായ അനുഗൃഹീത വാസസ്ഥലത്തുനിന്ന് തള്ളപ്പെടാതിരിക്കുവാനും നീചവും ഭോഷത്വമായവയെ ആഗ്രഹിച്ചവരുമായ ജഡികരേപ്പോലെ ആകാതിരിക്കുവാനും സൃഷ്ടാവിനെ നാം ഭയപ്പെടണം.

**അടക്കത്തോടെ നിൽക്കണം.** അതായത്, നാം ഇല്ലാതിരിക്കെ നമ്മെ ഉണ്മയിലേക്ക് കൊണ്ടുവന്നവനും നാം ഉണ്ടായപ്പോൾ വിവേചനാധികാരത്തോടെ നമ്മെ അവന്റെ അടുക്കലേക്ക് വരുത്തിയവനുമായ നമ്മുടെ സൃഷ്ടാവിന്റെ മുമ്പാകെ നാം അടക്കത്തോടെ നിൽക്കണം.

**നാം വിശുദ്ധിയോടെ നിൽക്കണം.** അതായത്, ദൈവികങ്ങളാകുന്ന ദാനങ്ങളാൽ നമ്മുടെ സ്രഷ്ടാവിന്റെ മുമ്പാകെ നാം വിശുദ്ധമായി നിൽക്കണം. അങ്ങനെ നമ്മുടെ സ്വയത്തേ നാം അറിയുകയും താഴേക്ക് വീഴാതിരിക്കുകയും വേണം.

**നാം സ്നേഹത്തോടെയും സത്യവിശ്വാസത്തോടെയും നിൽക്കണം.** അതായത്, നമ്മുടെ നിൽപ്പ് സ്നേഹത്തിലായിരിക്കട്ടെ. കാരണം, *ദൈവം സ്നേഹമാകുന്നു* (1 യോഹ 4:8). നമ്മുടെ അടിസ്ഥാനം അവന്റെ ദൈവിക ഭാവത്തിൽ ആയിരിക്കട്ടെ കാരണം ദൈവത്തിന് ഉന്നതമായതല്ലാതെ അധമ കാര്യത്തേക്കുറിച്ച് ചിന്തിക്കുവാനാകാത്തതുപോലെ നാമും നമ്മുടെ അടിസ്ഥാനം ദൈവത്തിലാക്കിയിരിക്കുമ്പോൾ നമ്മുടെ മനസ്സും ഉന്നതമായതിനെ വിചാരിക്കും.

**ശരിയായ വിശ്വാസത്തിൽ.** അതായത്, ദൈവം സകലത്തിലും ഉന്നതനും സർവ്വശക്തനും അവൻ നായകനും നിലനിൽക്കുന്ന സകലത്തിന്റേയും ഉടയവനും (കർത്താവും) അവൻ സത്യവും ശരിയും ആകുന്നു. അവനൊഴികെ സകലവും അവനുമായി താരതമ്യം ചെയ്യുമ്പോൾ ബലഹീനമായി കാണുന്നു.

[18] നമ്മുടെ മുമ്പിലുള്ള ഈ വിശുദ്ധ ശോശപ്പായെ ആത്മീകമായി നമുക്ക് നോക്കാം. അതായത്, ജഡീകമായി കാണപ്പെടുന്നതു പോലെ അങ്ങനെ അതിന്റെ പ്രതീകത്തെക്കുറിച്ച് ചിന്തിക്കരുത് എന്നാലോ ജഡാവതാരത്താൽ നമുക്കുണ്ടായിരുന്ന സകല അജ്ഞതയേയും നീക്കിയ വചനം ദൈവത്തിന്റെ പ്രഥമ പ്രതീകത്തെ മനസ്സിലാക്കൂ. വീണ്ടും, ശോശപ്പാ ഉയർത്തപ്പെടുന്നത് കുരിശിന്മേൽ സകല മനുഷ്യകുലത്തേക്കാളും ഉയർത്തപ്പെട്ടവനായ ആദാമിന്റെ ശരീരത്തിന്റെ മുകളിലേക്കാകുന്നു. വീണ്ടും, ശോശപ്പാ ഉയർത്തപ്പെടുകയും അത് പട്ടക്കാരൻ ചുബനത്താൽ സ്വീകരിക്കപ്പെടുകയും ചെയ്യുന്നത് സ്വർഗ്ഗത്തിലെ പിതാവിന്റെ അടുക്കലേക്ക് ഉയർത്തപ്പെടുകയും സ്വർഗ്ഗീയ മാലാഖമാരുടെ ചുംബനമാകുന്ന ഏറ്റുപറച്ചിലിനാൽ സ്വീകരിക്കപ്പെടുകയും ചെയ്ത വചനം ദൈവത്തിന്റെ ശരീരത്തെ സൂചിപ്പിക്കുന്നു.

**അത് മടക്കുന്നത്.** ശോശപ്പാ മടക്കുന്നത് പട്ടക്കാരായിരിക്കണം ശെമ്മാശ്ശന്മാരായിരിക്കരുത്. കാരണം അത് മടക്കുന്നത് സൂചിപ്പിക്കുന്നത് ഒരു സംസ്കൃതിയെയും സംരക്ഷണത്തേയുമാണ്. ഇപ്രകാരം നമ്മുടെ ജഡം സ്വീകരിച്ച് വചനമായ ദൈവം സ്വർഗ്ഗീയ സൈന്യങ്ങൾക്ക് വെളിപ്പെട്ടപ്പോൾ അവൻ ക്രൂബേന്മാരും സ്രോപ്പേന്മാരുമാകുന്ന പട്ടക്കാരും കാർമ്മികരും മുഖാന്തിരം അവരിൽനിന്ന് ഗോപ്യവും സംരക്ഷിതവുമായിരുന്നു. കാരണം അവൻ സ്രോപ്പേന്മാരേക്കാൾ അവന്റെ പിതാവിന്റെ സന്നിധിയിൽ ഉയർന്നപ്പോൾ മുമ്പ് കാണപ്പെട്ടതുപോലെ ജഡത്തിൽ അവർക്ക് അവൻ വീണ്ടും കാണപ്പെട്ടില്ല. അതുകൊണ്ട് പട്ടക്കാർ മുഖാന്തിരമേ ശോശപ്പാ മടക്കാവൂ ശെമ്മാശ്ശന്മാർ മുഖാന്തിരം ആകരുത്.

[19] വീണ്ടും, തുണികളേക്കുറിച്ച്. തിരുവത്താഴ മേശമേൽ എട്ട് തുണികൾ ഉണ്ടായിരിക്കണം. എല്ലാ വശങ്ങളിലും ഈരണ്ട് വീതം എന്ന് നീ അറിഞ്ഞിരിക്കുക. തുണിക്കഷണങ്ങൾ ആചാര്യത്വത്തെ സൂചിപ്പിക്കുന്നു കാരണം ഏഫോദുള്ളവനായിരുന്നു പുരോഹിതൻ. നമുക്കുവേണ്ടി ആചാര്യവേല ചെയ്യുവാൻ അപ്രകാരം നമ്മുടെ കർത്താവേശുമിശിഹാ കീറത്തുണികളിൽ നമ്മുടെ അടുക്കൽ കാണപ്പെട്ടു.

ഒന്നാമത്തെ തുണിക്കഷണം അവന്റെ ഗർഭോൽപ്പാദനത്തെ സൂചിപ്പിക്കുന്നു. അവന്റെ ഗർഭസ്ഥാവസ്ഥ മൂലം സകല ഗർഭങ്ങളേയും വിശുദ്ധീകരിച്ചു. രണ്ടാമത്തെ തുണിക്കഷണം അവന്റെ ജനനത്തെ സൂചിപ്പിക്കുന്നു. അതുമൂലം ജനിച്ച സകലരേയും ശുദ്ധീകരിച്ചു. മൂന്നാമത്തെ തുണിക്കഷണം വളർച്ചയെ സൂചിപ്പിക്കുന്നു. അതിനാൽ വളരുന്ന സകലരേയും ശുദ്ധീകരിച്ചു. നാലാമത്തെ തുണിക്കഷണം ജനത്തോടുകൂടെയുള്ള അവന്റെ വാസത്തെ (സൂചിപ്പിക്കുന്നു). തന്മൂലം സകല ഭൂലോകവാസികളേയും ശുദ്ധീകരിച്ചു. അഞ്ചാമത്തെ തുണിക്കഷണം അവന്റെ മാമോദീസായാകുന്നു. തന്മൂലം പരിശുദ്ധാത്മാവിനെ ആഗ്രഹിക്കുന്ന എല്ലാവരുടെ മേലും ആത്മാവ് ഇറങ്ങും. ആറാമത്തെ തുണിക്കഷണം അവന്റെ ഉപവാസത്തെ സൂചിപ്പിക്കുന്നു. അതിനാൽ നാല് പ്രാഥമിക ഭൂതങ്ങളേയും ശുദ്ധീകരിക്കുന്നു. ഏഴാമത്തെ തുണിക്കഷണം അവന്റെ കഷ്ടാനുഭവത്തേയും മരണത്തേയും സൂചിപ്പിക്കുന്നു. അതുമൂലം സകല നിന്ദ്യങ്ങളായ ആഗ്രഹങ്ങളേയും പതിതരായവരിൽനിന്ന് നീക്കിക്കളയുന്നു. (എട്ടാമത്തെ) തുണിക്കഷണം മരിച്ചവരുടെ ഇടയിൽനിന്നുള്ള അവന്റെ പുനരുദ്ധാനത്തെ സൂചിപ്പിക്കുന്നു. തന്മൂലം പിതാവും മനുഷ്യരും തമ്മിലുള്ള ഐക്യം പ്രത്യേകമായരീതിയിൽ സംഭവിച്ചു.

തിരുവത്താഴ മേശയേക്കുറിച്ച് നാം മനസ്സിലാക്കുന്നത് അത് (രണ്ടാം) ആദാമിന്റെ ശരീരം ആയിട്ടാണ്. ആയതിനാൽ അവന്റെ (ക്രിസ്തു) പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഇതിന് മുമ്പ് നാം പറഞ്ഞ കാര്യങ്ങൾകൊണ്ട് എട്ട് തുണിക്കഷണങ്ങൾ രഹസ്യാത്മകമായ മേശമേൽ വയ്ക്കുന്നത് ന്യായമാണ്.

[20] തിരുവത്താഴമേശമേൽ പാത്രങ്ങളുടെ മീതേ ശീലത്തുണികൊണ്ടുള്ള ഒരു മൂടി ഉണ്ടായിരിക്കണം. ഇത് ദൈവികമായ മാമോദീസായിൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു അവൻ മൂലം സകല വിശ്വാസികളേയും തമ്മിലും അവനുമായും പിതാവുമായും അവന്റെ പുത്രനുമായും ബന്ധിപ്പിച്ചിരിക്കുന്നു. കാരണം പരിശുദ്ധാത്മാവിനെ കൂടാതെ പിതാവിനേയും പുത്രനേയും തമ്മിൽ ബന്ധിപ്പിക്കുവാൻ സാധ്യമല്ല.

വീണ്ടും, തിരുവത്താഴമേശമേൽ ഉള്ള ഈ ബന്ധനം മരണം മൂലം നാം ദൈവത്തോടുകൂടെ ബന്ധിക്കപ്പെടുന്നു എന്നും അല്ലാതെ വിരുന്നുകളിലൂടെയും ജഡീക ആനന്ദങ്ങളിലൂടെയും അല്ല എന്നാലോ കഷ്ടതകളിലൂടെയും പരീക്ഷണങ്ങളിലൂടെയുമാണ് എന്നും കാണിക്കുവാനാണ്. വീണ്ടും, (യൂക്കാറിസ്റ്റ്) അർപ്പിക്കപ്പെടുമ്പോൾ വിശുദ്ധ മാലാഖമാർ വിശുദ്ധ ബലിക്ക് ചുറ്റും വന്നുകൂടുന്നു എന്നതാണ് ബന്ധനം കൊണ്ട് സൂചിപ്പിക്കുന്നത്.

[21] സുഗന്ധം (ധൂപം) തിരുവത്താഴ മേശമേൽ സമർപ്പിക്കണം. ഇത് സൂചിപ്പിക്കുന്നത് പരിശുദ്ധ സഭാമക്കൾക്ക് നൽപ്പെട്ട ദൈവിക ദാനങ്ങളെ (മാബദോനൂസോ=പ്രവർത്തനങ്ങൾ) ആണ്. തന്മൂലം പാപത്തിന്റെ സകല ദണ്ഡനങ്ങളേയും അതിന്റെ കഷ്ടതകളേയും അവരിൽനിന്ന് നീക്കിക്കളയുന്നു.

എപ്പിസ്കോപ്പാ ബലി (യൂക്കറിസ്റ്റ്) അർപ്പിക്കുമ്പോൾ ലോഹംകൊണ്ടുള്ള (പാത്രം) തിരുവത്താഴ മേശയിൽ ഉണ്ടായിരിക്കുന്നത് ഉചിതമാണ്. അതായത് ലോഹപാത്രം എന്നാൽ വെള്ളികൊണ്ടുള്ള ലോഹപാത്രമോ സ്വർണ്ണം കൊണ്ടുള്ള ലോഹപാത്രമോ ആയിരിക്കണം. വെള്ളിപോലെയുള്ള പ്രവാചകന്മാരുടെ വാക്കുകളാലും സ്വർണ്ണത്തോട് ഉപമിച്ചിരിക്കുന്ന ശ്ലീഹന്മാരുടെ വാക്കുകളാലും എപ്പിസ്കോപ്പാ ഉപദേശിക്കപ്പെട്ടവനും ഉന്നതനും ആണെന്ന് കാണിക്കുവാനാണിത്. അവരുടെ വാക്കുകളുടെ മധ്യസ്ഥതയാൽ വിശ്വാസികളുടെ ആത്മാക്കളെ അതിനെ സമീപിക്കുന്ന സകലരേയും സുഗന്ധീകരിക്കുന്ന ദൈവികതയുടെ രഹസ്യങ്ങളിലേക്ക് പ്രവേശിപ്പിക്കുവാൻ അവന് കഴിയട്ടെ.

വീണ്ടും, മാമോദീസായിൽ നിന്ന് സ്വീകരിച്ച പരിശുദ്ധാത്മാവിനാൽ സുഗന്ധീകൃതമായി അതിൽ യാതൊരു കളങ്കവും ഇല്ലാതാകുമ്പോൾ എപ്പിസ്കോപ്പാ ന്യായവിധിദിവസത്തിൽ തന്റെ ആടുകളെ ക്രിസ്തുവിന്റെ മുമ്പാകെ ധൈര്യത്തോടെ പ്രവേശിപ്പിക്കും എന്നാണ് സുഗന്ധം സൂചിപ്പിക്കുന്നത്. അതിനുശേഷം ഉന്നത ശബ്ദത്താൽ ക്രിസ്തുവിന്റെ മുമ്പാകെ വിളിച്ച് പറയും ഇതാ ഞാനും നീ എനിക്ക് തന്നിട്ടുള്ള മക്കളും (യെശ 8:17-18; എബ്രാ 2:13).

ധൂപകലശത്തിലെ തീയും ധൂപവും വിശുദ്ധ ശ്ലീഹന്മാരെയാണ് സൂചിപ്പിക്കുന്നത്. അഗ്നി അവരിലുള്ള വിശുദ്ധ ദാനങ്ങളാണ്. ധൂപം (ശ്ലീഹന്മാർ) അറിയിച്ച സുവിശേഷത്തിന്റെ അറിയിപ്പും തന്മൂലം അവർ വിഗ്രഹാരാധന ജനത്തിൽ നിന്ന് നീക്കം ചെയ്തു. ഇതുകൊണ്ടാണ് വിശുദ്ധ ശ്ലീഹന്മാർ ഉറക്കെ

വിളിച്ച് പറഞ്ഞത് *ഞങ്ങളുടെ നിക്ഷേപങ്ങൾ മൺപാത്രത്തിലാണ് വച്ചിരിക്കുന്നത്* (2കൊരി 4:7) എന്ന്. അതായത് പരിശുദ്ധ ശ്ലീഹന്മാരുടെ ശരീരത്തിലുണ്ടായിരുന്ന പരിശുദ്ധാത്മാവിന്റെ ദാനങ്ങളെയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

[22] വീണ്ടും ഇസ്രായേലിന്റെ സമാഗമന കൂടാരത്തിലെ ശുദ്ധതകളുടെ ശുദ്ധസ്ഥലത്ത് രണ്ട് കെറൂബുകൾ ഉണ്ടായിരുന്നതുപോലെ വിശുദ്ധ സഭയിലെ തിരുവത്താഴ മേശയുടെ മുകളിൽ രണ്ട് മർവഹസാകൾ ആചാര്യത്വ മേശയിൽ ഉണ്ടായിരിക്കണം. അത് മാറ്റുവാൻ പാടില്ലാത്തതാകുന്നു. ഈ മർവഹസാകൾ സൂചിപ്പിക്കുന്നത് ദൈവികസ്വഭാവത്തിന്റെ സാന്നിധ്യത്തിൽ നിന്ന് അകലാത്ത കെറൂബുകളേയും സെറാഫുകളേയുമാണ്.

[23] വിളക്കുകൾ എന്താകുന്നു സൂചിപ്പിക്കുന്നത്? ദൈവസാന്നിധ്യത്തിൽ നിന്ന് കെട്ടുപോകുകയോ തീർന്നുപോകുകയോ ചെയ്യാത്ത പ്രശോഭിത കാന്തിയേയാണ് അത് സൂചിപ്പിക്കുന്നത്. എരിതീമയന്മാരുടെ സൈന്യത്തേയാണ് പ്രാഥമികമായി ഇത് സൂചിപ്പിക്കുന്നത്. വീണ്ടും, പട്ടക്കാരിൽനിന്നും ശെമ്മാശ്ശന്മാരിൽനിന്നും സഭയുടെ സകല മക്കളുടെയും ഇടയിലേക്ക് പുറപ്പെടുന്ന ആത്മീയ പ്രകാശത്തെയാണ് വിളക്കുകൾ സൂചിപ്പിക്കുന്നത്.

[24] എന്തുകൊണ്ട് പ്രവാചകന്മാരുടേയും ശ്ലീഹന്മാരുടേയും സുവിശേഷങ്ങളുടേയും വായനകൾ സഭയിൽ നടത്തുന്നു? പ്രവാചകന്മാരുടെ വായന പരിശുദ്ധ പിതാക്കന്മാരും പ്രവാചകന്മാരും അവതരിച്ച വചനം ദൈവത്തെ കാണുവാൻ അർപ്പിച്ച അദ്ധ്വാനങ്ങളേയും വിയർപ്പിനേയും സൂചിപ്പിക്കുന്നു. അതുപോലെ വീണ്ടും, ദൈവം വന്ന് മനുഷ്യവർഗ്ഗത്തെ ശത്രുക്കളുടെ കൈകളിൽ നിന്ന് രക്ഷിക്കുന്നതിനായി അവരർപ്പിക്കുന്ന യാചനകളെയും സൂചിപ്പിക്കുന്നു.

ശ്ലീഹന്മാരുടെ (വായന) സൂചിപ്പിക്കുന്നത് ക്രിസ്തുവിനോട് അവർക്കുവേണ്ടി (ജനത്തിനുവേണ്ടി) അവരർപ്പിച്ച (ശ്ലീഹന്മാർ) യാചനകളെ ആണ്. അതുകൊണ്ട് അവൻ അവരുടെ സഹായത്തിന് വന്ന് കഷ്ടതയിലും ദുഷ്ടന്മാരിൽ നിന്നുള്ള പീഡയുടെ നാശത്തിലും ആയിരുന്നവരെ ഉറപ്പിക്കുകയും ചെയ്യും. വീണ്ടും, ഇതാ ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ട് എന്ന് അവൻ അവർക്ക് നൽകിയ വാഗ്ദത്തംപോലെ അവർ അവരുടെ നാഥനോട് യാചിച്ചുകൊണ്ട് പറയുന്നു. അതുപോലെ ഈ ശ്ലീഹന്മാരുടെ ഉപദേശങ്ങൾ വായിക്കപ്പെടുമ്പോൾ സഭയുടെ തലവന്മാരോടുകൂടെയും അവളുടെ സന്താനങ്ങളോടുകൂടെയും ലോകാവസാനത്തോളം കൂടെയിരിക്കുകയും ചെയ്യണമെന്ന് ക്രിസ്തുവിനോട് യാചന നടത്തുന്നു. ഇസ്രായേലിന്റെ സമൂഹത്തെ ഇല്ലാതാക്കിയതുപോലെ ഇല്ലാതാക്കാതിരിക്കാനും ക്രിസ്തുവിനാൽ ഉപേക്ഷിക്കപ്പെടാതിരിക്കുവാൻ സഭയെക്കുറിച്ച് പരിശുദ്ധ ശ്ലീഹന്മാർ ഭയപ്പെട്ടതുകൊണ്ട് (അത് വായിക്കുന്നു). അതുകൊണ്ടാണ് *അവൻ കോപിക്കാതിരിക്കുവാൻ പുത്രനെ ചുംബിക്കുവിൻ* (സങ്കീ 2: 11) എന്ന് ദിവ്യനായ ദാവീദ് പ്രവാചകൻ വിളിച്ച് പറയുന്നത്. അതായത് സഭയുടെ പ്രധാനികളോടും മക്കളോടും പറയുന്നത് വിശുദ്ധ വിശ്വാസത്തിലും നേരായ പ്രവർത്തനങ്ങളിലൂടെയും അവർ നിങ്ങൾക്ക് എല്ലായിപ്പോഴും ശരിയായിരിക്കട്ടെ അങ്ങനെ നിങ്ങളെ ദൈവ-സാമീപ്യത്തിൽ നിന്നുള്ള അകൽച്ചയിൽ നിന്ന് വിടുവിക്കട്ടെ.

*എന്റെ പിതാവേ ഞാൻ ഇവിടെ നിന്റെ ഇഷ്ടം ചെയ്തതുപോലെ നിനക്കുള്ള ഇവരെ നീ കാത്തുകൊള്ളണമേ* (യോഹ 17:11) എന്ന് അവന്റെ അടുക്കലേക്ക് കയറുവാൻ തിരുമനസ്സായപ്പോൾ തന്റെ ശ്ലീഹന്മരേപ്രതി പുത്രൻ പിതാവിനോട് പറയുന്നത് എന്താണോ അതാണ് സുവിശേഷ പുസ്തകങ്ങളുടെ വായന എന്ന് മനോഹരമായി സൂചിപ്പിക്കുന്നു. അതുപോലെ *ഞാൻ എവിടെ ആയിരിക്കുമോ അവിടെ ആയിരിക്കും എന്റെ ശുശ്രൂഷക്കാരനും* (യോഹ 12:26) എന്ന് നമ്മുടെ കർത്താവേശുമശിഹാ പറഞ്ഞ വചനത്തെ അത് സൂചിപ്പിക്കുന്നു. വീണ്ടും, വിശുദ്ധ സുവിശേഷം വായിക്കുമ്പോൾ, *ഇതാ ഞാൻ നിന്റെ അടയാളം ഞാൻ എന്റെ കൈകളുടെ വെള്ളമേൽ നിന്നെ വെച്ചിരിക്കുന്നു എന്നോടുകൂടെയും എന്റെ മാലാഖമാരോടു കൂടെയും നിന്നെ ആനന്ദിപ്പിക്കും*, എന്ന് ദൈവമാകുന്നു അവന്റെ സഭയോട് സംസാരിച്ചുകൊണ്ട് പറയുന്നത്. വീണ്ടും, പുത്രൻ തന്റെ രക്ഷണ്യപ്രവർത്തനങ്ങളാൽ തന്റെ അടുക്കലേക്ക് വരുന്ന സകലരേയും വിശുദ്ധീകരിച്ചതുപോലെ നമ്മുടെ കർത്താവിന്റെ വചനങ്ങൾ വായിക്കപ്പെടുമ്പോൾ അവ കേൾക്കുന്ന സകലരേയും അത് ശുദ്ധീകരിക്കുന്നു വീണ്ടും, ഞായറാഴ്ച സന്ധ്യയ്ക്കും പ്രഭാതത്തിലും സുവിശേഷം വായിക്കുന്നത് ഉചിതമാണ്. അപ്രകാരം അവൻ സന്ധ്യയ്ക്കും പ്രഭാതത്തിലും ചെയ്യുന്നതുകൊണ്ട് അത് വ്യക്തമായി കാണപ്പെടും. അതുപോലെ ഞായറാഴ്ച ദിവസത്തിലാണ് ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെട്ടതും ദിവസങ്ങളിൽ ആദ്യ

**എന്തുകൊണ്ടാണ് ഒരു സ്പോഞ്ച് അവിടെ (ഉപയോഗിക്കുന്നത്)? അതായത് സ്പോഞ്ച് സഭയുടെ പരിശുദ്ധ ശരീരമാകുന്നു. പരിശുദ്ധാത്മാവ് ഇറങ്ങിവസിച്ച ആത്മീയ ജലം മറ്റുള്ള എല്ലാ ശരീരങ്ങളേക്കാൾ അധികം അത് വലിച്ചെടുക്കുന്നു. വീണ്ടും, ദൈവത്തിൽനിന്ന് അകന്നുപോയ ശരീരങ്ങളെ സ്പോഞ്ച് സൂചിപ്പിക്കുന്നു. സ്പോഞ്ച് വെള്ളത്തോട് സമീപിക്കുമ്പോൾ എപ്രകാരം പെട്ടന്ന് പൂർണ്ണമായും സ്വീകരിക്കുമോ അതുപോലെ പരിശുദ്ധ പിതാക്കന്മാരുടെ ശരീരങ്ങൾ അവരുടെ അടുക്കലേക്ക് ഇറങ്ങിയവനായ ദൈവത്തെ മനസ്സിലാക്കുമ്പോൾ അവൻ ദൈവത്തിന്റെ പുത്രനാകുന്നു എന്നും അവന്റെ പിതാവിനോട് സാരാംശത്തിലും ദൈവത്വത്തിലും സമനാണെന്നും അവനിൽ പൂർണ്ണമായി വിശ്വസിക്കുന്നു.**

ത്തേതും. സുവിശേഷ വായന വ്യക്തമായി സൂചിപ്പിക്കുന്നത് പുത്രൻ മനുഷ്യനും എല്ലാത്തിനും മീതെ ദൈവവുമാകുന്നു എന്നാണ്.

[25] വീണ്ടും, ദാവീദിന്റെ സങ്കീർത്തനം പള്ളിയിൽ പാടുന്നത് പത്ത് വിശുദ്ധ ഇന്ദ്രിയങ്ങളെയാണ് സൂചിപ്പിക്കുന്നത്. കാരണം, പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടേയും എല്ലാ പുസ്തകങ്ങളും പത്ത് ഇന്ദ്രിയങ്ങൾ കൊണ്ടാണ് പറയുന്നത്. അവനും (ദാവീദും) പത്ത് (ഇന്ദ്രിയങ്ങളിൽ) കൂടെയാണ് വിശേഷമായി സംസാരിക്കുന്നത്. ദാവീദ് പാടിയപ്പോൾ അവൻ എല്ലാ ദിവ്യ പുസ്തകങ്ങളും വായിച്ചതുപോലെയായി. അതുകൊണ്ട് എല്ലായിപ്പോഴും പാടുവാനായാണ് അത് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

[26] ആരാണ് ശുദ്ധീകരിക്കുന്നവൻ (മ്കഫറോനോ = The One who cleanses)? അതായത്, വിശുദ്ധ കന്യകയുടെ ഗർഭപാത്രമാകുന്നു ശുദ്ധീകരിക്കുന്നത്. അതിന്റെ മധ്യസ്ഥതയാൽ സകല ഗർഭപാത്രങ്ങളും സകല കളങ്കങ്ങളിൽനിന്നും കറകളിൽ നിന്നും ശുദ്ധീകരിക്കപ്പെട്ടു. പട്ടക്കാരൻ അത് തന്റെ കൈകളിൽ എടുത്ത് അതുകൊണ്ട് തന്റെ കൈവിരലുകളെ കഴുകുന്നു. അതായത്, പത്ത് ഇന്ദ്രിയങ്ങളെയാണ് അത് സൂചിപ്പിക്കുന്നത്. അതുകൊണ്ട് പരിശുദ്ധകന്യക എല്ലാ അധമ പ്രവർത്തനങ്ങളിൽ നിന്നും അവയെ ശുദ്ധീകരിച്ചു. തന്മൂലം അവളുടെ വിശുദ്ധി സകല മനുഷ്യവംശങ്ങളേക്കാൾ ഉന്നതമായി ത്തീർന്നു.

എന്തുകൊണ്ടാണ് ഒരു സ്പോഞ്ച് അവിടെ (ഉപയോഗിക്കുന്നത്)? അതായത് സ്പോഞ്ച് സഭയുടെ പരിശുദ്ധ ശരീരമാകുന്നു. പരിശുദ്ധാത്മാവ് ഇറങ്ങിവസിച്ച ആത്മീയ ജലം മറ്റുള്ള എല്ലാ ശരീരങ്ങളേക്കാൾ അധികം അത് വലിച്ചെടുക്കുന്നു. വീണ്ടും, ദൈവത്തിൽനിന്ന് അകന്നുപോയ ശരീരങ്ങളെ സ്പോഞ്ച് സൂചിപ്പിക്കുന്നു. സ്പോഞ്ച് വെള്ളത്തോട് സമീപിക്കുമ്പോൾ എപ്രകാരം പെട്ടന്ന് പൂർണ്ണമായും സ്വീകരിക്കുമോ അതുപോലെ പരിശുദ്ധ പിതാക്കന്മരുടെ ശരീരങ്ങൾ അവരുടെ അടുക്കലേക്ക് ഇറങ്ങിയവനായ ദൈവത്തെ മനസ്സിലാക്കുമ്പോൾ അവൻ ദൈവത്തിന്റെ പുത്രനാകുന്നു എന്നും അവന്റെ പിതാവിനോട് സാരാംശത്തിലും ദൈവത്വത്തിലും സമനാണെന്നും അവനിൽ പൂർണ്ണമായി വിശ്വസിക്കുന്നു.

വീണ്ടും, അവൻ ശുദ്ധീകരിക്കുന്നവൻ ആകുന്നു എന്നത് അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നതിനെ സൂചിപ്പിക്കുന്നു. സ്പോഞ്ച് നനവില്ലാതിരിക്കുമ്പോൾ ശരിക്കും ഉണങ്ങിപ്പോകുന്നതുപോലെ ശരീരങ്ങളിൽനിന്ന് ആത്മാവ് മാറിപ്പോകുമ്പോൾ ശരിക്കും അത് മണ്ണായിത്തീരുന്നു. അതുപോലെ സ്പോഞ്ച് വെള്ളത്തോട് അടുക്കുമ്പോൾ പെട്ടന്ന് ഉണങ്ങിയ അവസ്ഥയെ ഈർപ്പമുള്ളതാക്കുന്നു. അതുപോലെ മരിച്ചവരുടെ ശരീരങ്ങൾ വിശുദ്ധമാലാഖമാരുടെ ശബ്ദം കേൾക്കുമ്പോൾ കൈ തിരിക്കുമ്പോലെയും കണ്ണിമയ്ക്കുന്നതുപോലെയും (1കൊരി 15:52) സകലരും ഒന്നിച്ച് എഴുന്നേൽക്കും. സ്പോഞ്ചിനെ ഞെരുക്കുമ്പോൾ അതിന്റെ രൂപം തിരികെ വരുന്നതുപോലെ പോരാട്ടങ്ങളിലും ഭയങ്കര ഞെരുക്കങ്ങളിലും ഈ ലോകത്തിൽ ജീവിക്കുകയും ക്രൂരന്മാരാൽ തങ്ങളുടെ ശരീരങ്ങളെ അഗ്നിയിൽ എരിക്കപ്പെടുകയും വാളുകൊണ്ടും വന്യജീവികളുടെ പല്ലുകളാലും അവരുടെ അവയവങ്ങളെ ഛേദിക്കപ്പെടുകയും ചിന്നഭിന്നമാക്കപ്പെടുകയും ചെയ്ത വിശുദ്ധന്മാരുടെ ശരീരങ്ങൾ ദൈവം അവരുടെ മുറിവുകളേയും കഷ്ടതകളേയും അവരിൽ നിന്ന് മാറ്റുമ്പോൾ അവർ പുതുതാക്കപ്പെടുകയും സ്വർഗീയ സൈന്യങ്ങളേപ്പോലെ ആത്മീയരാകുകയും ചെയ്യും എന്നാണ് കാണിക്കുന്നത്.

(തുടരും)

# “മനുഷ്യപുത്രൻ വന്നതു നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രേ”

## പുതുഞായറാഴ്ചയ്ക്കുശേഷം നാലാമത്തെ ഞായറാഴ്ച

## (വി. ലൂക്കോസ് 9:51–62)



**ഫിലിപ്പോസ് റമ്പാൻ**

**(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)**

യേശുതമ്പുരാനും ശിഷ്യന്മാരും കൂടി യെരുശലേമിലേക്കു പോകുന്ന വഴി ഒരു രാത്രിയിൽ ശമര്യയിൽ താമസിക്കുവാനായി ആലോചിക്കുന്നു. അതിൻപ്രകാരം തന്റെ ശിഷ്യന്മാരിൽ രണ്ടുപേരെ ശമര്യയിലേക്ക് തനിക്ക് രാത്രിയിൽ വിശ്രമിക്കുവാനുള്ള സൗകര്യം ക്രമീകരിക്കുവാൻ അയയ്ക്കുന്നു. ഇത് യാക്കോബും യോഹന്നാനും ആകാൻ ആണ് സാദ്ധ്യത. കാരണം യേശുവിനെയും ശിഷ്യന്മാരെയും ഉൾക്കൊള്ളുവാൻ ശമര്യർ വിമുഖത കാണിക്കുമ്പോൾ യാക്കോബും യോഹന്നാനും യേശുതമ്പുരാനോടു പറയുന്നു. “കർത്താവേ ഏലിയാവു ചെയ്തതുപോലെ ആകാശത്തുനിന്നു തീ ഇറങ്ങി ശമര്യരെ നശിപ്പിപ്പാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ” എന്നു ചോദിച്ചു. എന്നാൽ യേശുതമ്പുരാൻ അവരെ ശാസിക്കുന്നു. നിങ്ങൾ ഏത് ആത്മാവിനു അധീനർ എന്നു നിങ്ങൾ അറിയുന്നില്ല. “മനുഷ്യപുത്രൻ പ്രാണങ്ങളെ നശിപ്പിപ്പാനല്ല രക്ഷിപ്പാനത്രേ വന്നതു” എന്നു പറഞ്ഞു (വി. ലൂക്കോസ് 9:55–56).



ശലോമോൻ രാജാവിനു ശേഷം യിസ്രായേൽ രാജ്യം പത്ത് ഗോത്രങ്ങൾ ചേർന്ന് വടക്കൻ സാമ്രാജ്യം എന്നും യഹൂദായുടെയും ബന്യാമീന്റെയും രണ്ടു ഗോത്രങ്ങൾ ചേർന്ന് തെക്കൻ സാമ്രാജ്യം എന്നും രണ്ടായി വിഭജിക്കപ്പെടുന്നു. പത്ത് ഗോത്രങ്ങൾ ചേർന്ന യിസ്രായേൽ യെരോബയാം രാജാവിന്റെ നേതൃത്വത്തിൽ ശമര്യ തലസ്ഥാനനഗരിയായി മാറുന്നു. മാത്രമല്ല ഇവിടെ നിന്നുള്ളവർ യെരുശലേം ദേവാലയം സ്ഥിതിചെയ്യുന്ന യെരുശലേമിലേക്ക് പോകാതിരിക്കാനായി ദാൻ എന്ന സ്ഥലത്തും ബഥേൽ എന്ന സ്ഥലത്തും ആരാധന സൗകര്യം ഒരുക്കുന്നു. ശലോമോന്റെ മകനായ രെഹബയാം യഹൂദാ ഗൃഹത്തിൽനിന്നും ബെന്യാമീൻ ഗൃഹത്തിൽ നിന്നും യോദ്ധാക്കളെ കൂട്ടി അവരുടെ സഹോദരന്മാരായ ബാക്കി പത്തു ഗോത്രക്കാരായ യിസ്രായേൽക്കാരോടു യുദ്ധം ചെയ്യുവാൻ ഒരുങ്ങുമ്പോൾ യഹോവയായ ദൈവം ദൈവപുരുഷനായ ശെമയ്യാ മുഖാന്തിരം അവരെ വിലക്കുന്നു. എന്നാൽ യൊരൊബയാം രാജത്വം വീണ്ടും ദാവീദ് ഗൃഹത്തിന് ആയിപ്പോകും ജനം യെരുശലേമിൽ ദേവാലയത്തിൽ യാഗം കഴിപ്പാൻ ചെന്നാൽ ജനത്തിന്റെ മനസ് യഹൂദ രാജാവായ രെഹബയാമിനോട് ചേർന്നാലോ എന്ന് ചിന്തിച്ചാണ് ജനങ്ങളുടെ ആരാധന സൗകര്യത്തിനായി പൊന്നുകൊണ്ട് രണ്ട് കാളക്കുട്ടികളെ ഉണ്ടാക്കി ഒന്നിനെ ബെഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു. അങ്ങനെ അവർ യെരുശലേമിലേക്ക് പോകുന്നതു കുറഞ്ഞു. പിന്നീട് അസ്സീറിയൻ രാജാക്കന്മാർ യിസ്രായേലിനെ പിടിച്ചടക്കികഴിഞ്ഞപ്പോൾ യിസ്രായേൽക്കാർ അസ്സീറിയക്കാരുമായി മിശ്രവിവാഹം കഴിക്കുകയും ഇത് യഹോവയുടെ നിയമത്തിന് എതിരായതിനാൽ (ആവർത്തനം 7:3–5) യഹൂദന്മാർ ശമര്യക്കാരെ വെറുക്കുവാൻ കാരണമായി.

കൂടാതെ യഹൂദന്മാർ ബാബിലോണ്യ പ്രവാസത്തിനുശേഷം തിരിച്ചുവന്നു യരുശലേം പുനർനിർമ്മിക്കുന്ന സമയത്തും ശമര്യക്കാർ യഹൂദ്യരെ ബുദ്ധിമുട്ടിക്കുകയും പരിഹസിക്കുകയും ചെയ്യുന്നുണ്ട് (നെഹമ്യാ 4:2). കാലക്രമേണ ശമര്യക്കാർ ഒരു പ്രത്യേക മതമായി മാറുകയും അവർ മോശയുടെ പുസ്തകമായ പഞ്ചഗ്രന്ഥത്തെ മാത്രം, യഹോവയായ ദൈവത്തിന്റെ നിയമം എന്ന രീതിയിൽ അംഗീകരിക്കുകയും പ്രവാചക പുസ്തകങ്ങൾ ഉൾപ്പെടെയുള്ള ബാക്കി പുസ്തകങ്ങളെ അംഗീകരിക്കുന്നില്ല. അങ്ങനെ യഹൂദന്മാരും ശമര്യരും തമ്മിൽ വലിയ ഒരു ശത്രുത എന്നും നിലനിന്നിരുന്നു. യഹൂദന്മാർ ശമര്യയിൽ കൂടി യാത്രപോലും ചെയ്യുകയില്ലായിരുന്നു.

### ക്ഷമയുടെയും സഹനത്തിന്റെയും ആവശ്യകതയെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു

ഇവിടെ യേശുതമ്പുരാനു വളരെ വ്യക്തമായി അറിയാവുന്ന കാര്യമായിരുന്നു യഹൂദന്മാരും ശമര്യരും തമ്മിലുള്ള ഇടർച്ചയെക്കുറിച്ച്. എന്നിട്ടും യേശുതമ്പുരാൻ ശിഷ്യന്മാരെ ശമര്യയിലേക്ക് അയയ്ക്കുന്നതിന്റെ ഉദ്ദേശം എന്താണ്. ശമര്യയിൽ ചെല്ലുമ്പോൾ ശമര്യക്കാർ യഹൂദന്മാരായ ശിഷ്യന്മാരെ ഉൾക്കൊള്ളുകയോ അംഗീകരിക്കുകയോ ചെയ്യുകയില്ല. പഴയകാലത്തെ പൂർവ്വീകരുടെ കാലംമുതലുള്ള വാശിയും വൈരാഗ്യവും ഒക്കെ അവർ വീണ്ടും ഓർക്കുകയും പരസ്പരം പ്രതികാരത്തോടെയുള്ള ഒരു സമീപനം ശമര്യരുടെ പക്കൽനിന്നും ഉണ്ടാകുമ്പോൾ അവരെ പൂർണ്ണമായി നശിപ്പിക്കുവാനായി ആഗ്രഹിക്കുന്ന ശിഷ്യന്മാർ. എന്നാൽ യേശുതമ്പുരാൻ അവരെ ക്ഷമയുടെയും സഹനത്തിന്റെയും ബാലപാഠങ്ങൾ പഠിപ്പിക്കുന്നു. പക്വതയോടെ എങ്ങനെ പ്രശ്നങ്ങളെ അഭിമുഖീകരിക്കണം എന്ന് യേശുതമ്പുരാൻ അവരെ ഓർമ്മിപ്പിക്കുന്നു. കാരണം ശിഷ്യന്മാർ യേശുതമ്പുരാന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം ക്രിസ്തുവിന്റെ സാക്ഷികളായി ലോകത്തിന്റെ നാനാഭാഗത്തേക്കും വിജാതികളായ വിവിധ ജാതികളുടെ ഇടയിലേക്കും പോകേണ്ടവരാണ്. അവിടെയൊക്കെ ഇതുപോലെയുള്ള എതിർപ്പും പീഡനങ്ങൾ ഒക്കെ നേരിടേണ്ടതായി വരും. അതിനെ ഒക്കെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുവാനായി ശിഷ്യന്മാരെ യേശുതമ്പുരാൻ ഈ ഒരു സംഭവത്തിലൂടെ ഒരുക്കുന്നു.

നമ്മുടെ വ്യക്തിജീവിതത്തിലും, സഭാജീവിതത്തിലും, സാമൂഹ്യജീവിതത്തിലും ഇതുപോലുള്ള സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ട അവസ്ഥ ഉണ്ടായേക്കാം. പ്രത്യേകിച്ചു ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് വളരെ ന്യൂനപക്ഷമായ ക്രിസ്ത്യാനികളായ നാം ക്രിസ്തുവിന്റെ പഠിപ്പിക്കലുകളായ സ്നേഹം, സഹനം, കരുണ ഇവയുമായി മറ്റു സമൂഹങ്ങളുമായി ബന്ധപ്പെടുമ്പോൾ ശിഷ്യന്മാർ നേരിട്ടതുപോലെ എതിർപ്പുകൾ ഒക്കെ ഉണ്ടായേക്കാം. അവിടെ ഒന്നും പതറിപ്പോകാതെ ക്രിസ്തുവിന്റെ ഉത്തമ സാക്ഷികളായി പ്രവർത്തിക്കുവാൻ നമുക്കും കഴിയണം. അതിനു ക്രിസ്തുവിനെപ്പോലെ ക്ഷമാശീലമുള്ളവരും സഹനശക്തിയുള്ളവരുമായിത്തീരുവാൻ നമുക്ക് സാധിക്കട്ടെ.

### കലപ്പക്കു കൈവെച്ചശേഷം പുറകോട്ടുനോക്കുന്നവൻ ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല

യേശുതമ്പുരാന്റെ യാത്രയിൽ ഒരുവൻ അടുത്തുവന്നു നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാം എന്നു പറഞ്ഞു. യേശുതമ്പുരാൻ അവനോട് കുറുനരികൾക്ക് കുഴിയും ആകാശത്തിലെ പറവജാതിക്ക് കൂടും ഉണ്ട്. മനുഷ്യപുത്രനോ തല ചായിപ്പാൻ സ്ഥലമില്ല എന്നു പറഞ്ഞു. പിന്നീട് വേറൊരുത്തനോടു എന്നെ അനുഗമിക്ക എന്നു പറഞ്ഞാറെ അവൻ ഞാൻ മുമ്പേ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവദിക്കണേ എന്നു പറ

ഞ്ഞു. വേറൊരുത്തൻ കർത്താവെ ഞാൻ നിന്നെ അനുഗമിക്കാം. ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറയുവാൻ അനുവാദം തരേണം എന്നു പറഞ്ഞു. അപ്പോൾ യേശുതമ്പുരാൻ അവനോട് കലപ്പെക്കു കൈവെച്ചശേഷം പുറകോട്ടുനോക്കുന്നവൻ ആരും ദൈവരാജ്യത്തിനു കൊള്ളാവുന്നവനല്ല. ഇവിടെ വ്യത്യസ്തമായ സാഹചര്യത്തിലുള്ള മൂന്നുപേർ ക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നു എങ്കിലും ലോകപ്രകാരമുള്ള ചില പ്രതിബന്ധങ്ങൾ മുഖാന്തിരം അവർക്ക് ക്രിസ്തുവിനെ പൂർണ്ണമായി അനുഗമിക്കുവാൻ സാധിക്കാതെ പോകുന്നു. ആഗ്രഹം ഉണ്ടായാൽ മാത്രം പോരാ അതിനെ നമ്മുടെ ജീവിതത്തിൽ പൂർത്തീകരിക്കുവാനായി സ്ഥിരോത്സാഹത്തോടുകൂടിയ ഒരു പ്രയത്നം ആവശ്യമാണ്. അല്ലാതെ എന്തെങ്കിലും പ്രതികൂലതകൾ ഉണ്ടാകുമ്പോൾ തളർന്നു പോകുന്നവരോ വികാരത്തിനടിമപ്പെടുന്നവരോ ആകാൻ പാടില്ല എന്നു ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു.

ഇവിടെ ക്രിസ്തു നമ്മോടു പറയുന്നത് നമ്മുടെ ഉത്തരവാദിത്വങ്ങൾ ഒന്നും നിർവ്വഹിക്കണ്ട എന്നല്ലാ കുടുംബബന്ധത്തിലും സാമൂഹ്യബന്ധത്തിലും, വ്യക്തിജീവിതത്തിലും ഒക്കെ ചില ഉത്തരവാദിത്വങ്ങൾ ഉണ്ട്. അവരെ പാടേ മറന്ന് ക്രിസ്തുവിനെ അനുഗമിക്കുക എന്നല്ല. വ്യക്തിതാൽപര്യങ്ങൾക്ക് ആയിരിക്കരുത് പ്രാധാന്യം. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക. കർത്താവിന്റെ ശിഷ്യന്മാർ തങ്ങളുടെ വ്യക്തിതാൽപര്യങ്ങൾ ഒക്കെ മാറ്റിവച്ച് ക്രിസ്തുവിനുവേണ്ടി തങ്ങളുടെ ജീവിതം സമർപ്പിച്ച് കഷ്ടതകളെയും പീഡനങ്ങളെയും സഹിക്കുവാൻ തയ്യാറായതുപോലെ നമുക്കും നമ്മുടെ കഴിവിനെയും, സമയത്തെയും നമുക്ക് ലഭിച്ച എല്ലാറ്റിനെയും ക്രിസ്തുവിനുവേണ്ടി സമർപ്പിക്കാം. കലപ്പക്കു കൈവച്ചതിനുശേഷം എന്തെങ്കിലും പ്രതികൂലതകളോ കഷ്ടപ്പാടുകളോ ഉണ്ടാകുമ്പോൾ പിന്മാറിപോകാതെ ക്രിസ്തുവിന്റെ സാക്ഷികളായി ഈ ലോകത്തിൽ ജീവിക്കാം.

അടുത്ത വ്യാഴാഴ്ച നാം നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണപ്പെരുന്നാൾ കൊണ്ടാടുകയാണല്ലോ. കർത്താവ് തന്റെ കഷ്ടാനുഭവവും, മരണവും, ഉയിർപ്പിനുശേഷം നാല്പതുദിവസം തന്റെ ശിഷ്യന്മാരോടൊപ്പം ആയതിനുശേഷം കൈകളുയർത്തി അവരെ അനുഗ്രഹിച്ചിട്ട് സ്വർഗ്ഗാരോഹണം ചെയ്യുന്നു (വി. ലൂക്കോസ് 24:51). അവരോടു ഇപ്രകാരം പറഞ്ഞു എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ നിങ്ങളുമേൽ അയക്കും. നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ. സ്വർഗ്ഗാരോഹണ പെരുന്നാളിനു ശേഷം പരിശുദ്ധ ശ്ലീഹന്മാർ സെഹിയോൻ മാളികയിൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനായി കാത്തിരുന്നതുപോലെ സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള പത്തുദിവസം കാത്തിരിപ്പിന്റെ ദിവസങ്ങൾ ആണ്. ആ ദിവസങ്ങൾ ഏറ്റവും ഭക്തിയോടെ ആചരിച്ച് കർത്താവ് തന്റെ ശിഷ്യന്മാർക്ക് വാഗ്ദത്തം ചെയ്ത പരിശുദ്ധറൂഹായെ പ്രാപിക്കുവാനായി നമുക്ക് ശ്രമിക്കാം. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (അപ്പോ. പ്ര. 1:8). “നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു” (1 പത്രോസ് 2:9) എന്ന ബോധ്യത്തോടെ നാം ആയിരിക്കുന്ന ഇടങ്ങളിൽ കർത്താവിന്റെ ഉത്തമസാക്ഷികളായി തീരുവാനായിട്ടുള്ള ശക്തി പ്രാപിക്കുവാനായി, പരിശുദ്ധാത്മാവിന്റെ പുതുക്കത്തിനായി നമുക്ക് ഒരുക്കത്തോടെ പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം. ❑

## താനൂർ ബോട്ടപകടം: പ. കാതോലിക്കാ ബാവാ ദുഃഖം രേഖപ്പെടുത്തി

ദേവലോകം: കേരളത്തെ കണ്ണീരിലാഴ്ത്തിയ മലപ്പുറം താനൂർ ബോട്ടപകടത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ അത്യഗാധമായ ദുഃഖം രേഖപ്പെടുത്തി. മരണപ്പെട്ടവരുടെ ആത്മശാന്തിക്കും അവരുടെ കുടുംബങ്ങളുടെ സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുന്നതായി പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു



**മലങ്കര വർഗീസ് അനുസ്മരണം നടത്തി. യൂഹാനോൻ മാർ പോളിക്കർപ്പോസ്, സഭാ അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു.**




**ഡോ. സി ടി. ഈപ്പൻ അനുസ്മരണ സമ്മേളനം തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എബ്രഹാം മാർ സ്തേഫാനോസ് അനുസ്മരണ പ്രസംഗം നടത്തി.**



**പരുമല സെമിനാരിയിൽ നടന്ന അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം 2023 (AMOSS) വാർഷിക പരിശീലന ക്യാമ്പ് (മാലാഖക്കൂട്ടം).**

## ശുശ്രൂഷകർ നന്മയുടെ കാവൽക്കാരാകണം: പരിശുദ്ധ കാതോലിക്കാ ബാവാ

പരുമല: ശുശ്രൂഷകർ നന്മ പ്രവർത്തികളുടെ കാവൽക്കാരായി സമൂഹത്തിന്റെ സൗരഭ്യമായി മാറണമെന്ന് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു. അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം പരിശീലന ക്യാമ്പ് പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 350 മദ്ബഹ ശുശ്രൂഷകർ പ്രതിനിധികളായി പങ്കെടുത്തു.

യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പ. കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ വിഷയാവതരണം നടത്തി .

പരുമല സെമിനാരി മാനേജര് കെ വി പോൾ റമ്പാൻ, വൈദികട്രസ്റ്റി ഫാ.ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷന് സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, ഫാ ജോസ് തോമസ്, റോയ് മാത്യു മുത്തൂറ്റ്, ബിജു വി. പന്തപ്ലാവ് എന്നിവർ പ്രസംഗിച്ചു.

എബ്രഹാം മാർ സ്തെഫാനൊസ് മെത്രപ്പൊലിത്ത, സഖറിയാസ് മാർ അപ്രേം മെത്രപ്പൊലിത്ത ഫാ എബി കുര്യൻ , ഫാ ജിത്തു തോമസ് എന്നിവർ ക്ലാസുകൾ നയിച്ചു.

Church Calendar



# "The Road to Jerusalem and the Discipleship"

## (Fourth Sunday after the New Sunday)

## Luke 9:51-62

Fr. Geevarghese Thomas

Lord Jesus Christ's economy on earth gifted the humankind the new potential of blessedness in unseen things (futuristic). As in Revelation it is mentioned about the New Jerusalem, Luke records the divinely set time of Christ heading to the Jerusalem so as to prepare the potential of New Jerusalem for our eternal abode. It is through Christ's suffering through the roads of old Jerusalem, He set and gifted us the blessedness to tread the courts of New Jerusalem! In this passage, we see a prolepsis through which Christ prepares His apostles for the upcoming ministry and also highlights the nature of discipleship in journeying to the New Jerusalem.

**Reflections**

**1. Discipleship - peaceful endurance of objections and hatred.**

Perhaps, the most powerful thing or factor which brought Christ into the willful state of accepting the passion was- the non acceptance and the rejection of people who were hard hearted. Even, the rejection for Christ was measured on He being humble as a servant. Had Christ been born embracing the rich status and class then, a majority of "rejections" would have avoided. But Jesus Christ the Son of God, the awaited Messiah was not to be accepted on the grounds of worldly riches. Instead, Christ the Living Gospel has to be accepted in spirit and truth! This is what Christ teaches the Samaritan woman. *"The woman said to him, Sir, I see that you are a prophet. Our ancestors worshiped on this mountain, but you say that the place where people must worship is in Jerusalem. Jesus said to her, Woman, believe me, the hour is coming when you will worship the Father neither on this mountain nor in Jerusalem.... But the hour is coming and is now here when the true worshipers will worship the Father in spirit and truth, for the Father seeks such as these to worship him. God is spirit, and those who worship him must worship in spirit and truth"* (John 4:19-24). Accepting Christ is a transcending experience, which must transcend the obligatory class and status of our Christian identity. The acceptance of "Christ" and "His Gospel" (all of His economy including His teachings and works) is the true form of worshipping God the Father, and it has to be in "spirit" and "truth". The "Truth" being Christ Himself (John 14:6) and the "Spirit" in Christ essentially being the oneness of the divinity in the Godhead. Interestingly, we see a reciprocated synergy when Christ says- *"I have much more to say to you, more than you can now bear. But when he, the Spirit of truth, comes, he will guide you into all the truth. He will not speak on his own; he will speak only what he hears, and he will tell you what is yet to come. He will glorify me because it is from me that he will receive what he will make known to you. All that belongs to the Father is mine. That is why I said the Spirit will receive from me what he will make known to you"* (John 16:12-15). It is now the promised Spirit which will lead us in "Truth" i e., Jesus Christ! What then is the true "place" of worshipping God? Remember, when Christ in his conversation with Nicodemus, emphasizes of being born from water and Spirit. Through Baptism, our very being becomes a Sacramental temple for worshipping and adoring the Godhead in our inner hearts and even flesh. This is what is intended in Apostle's saying- "Do you not know that your bodies are temples of the Holy Spirit, who is in you, whom you have received from God?" (1 Corinthians 6:19). "Do you not know that you are God's temple and that God's Spirit dwells in you?" (1 Corinthians 3:16). "Therefore, I urge you, brothers and sisters, in view of God's mercy, to offer your bodies as a living sacrifice, holy and pleasing to God—this is your true and proper worship" (Romans 12:1). There isn't any scope of objections and hatred for those receiving the Gospel in Spirit and Truth, in their very being.

Again, Lord Jesus assign some messengers to go to Samaria and get things arranged. But they were not accepted there. Because of which the disciples get angry and willed to destroy them through fire from heaven. But Christ rebukes them and prepares the disciples for peaceful endurance of the objections and hatred they will be facing in their ministry after Jesus' ascension. Today, the world advances on the factor of "acceptance". If we are accepted with our views, beliefs and narcissist being, we are in peace. The moment we are disapproved, rejected and hated, we become grouchy and loose the spirit of Christ's humility and love. Remember, Christ remained humble and loving even till the point of submitting His life unto God the Father on Cross. Likewise, discipleship in present age demands the spirit of peaceful endurance especially amidst rejections and hatred through heated fundamentalism. The nature of discipleship is thus imparting and propagating "Life" through the Gospel of Christ. The life in "Spirit" and "Truth" enabling us to be the heirs of the New Jerusalem!

**2. Discipleship- rectifying and reordering the priorities.**

The passage records what all things were hindering the minds of people who supposedly wished to follow Christ as His disciples. The first person who declared himself to follow Christ wherever He will go is been uniquely responded by Christ. Jesus replied, *"Foxes have dens and birds have nests, but the Son of Man has no place to lay his head"* (Luke 9:58). Presumably, this man had a prioritised desire for the honor and respect of being Christ's disciple wherever he might go. Christ teaches the importance of being humble and innocent symbolically. St. Cyril of Alexandria says- ÿþ *"Jesus rebuked him not to reproach him but rather to correct him, so that he might of his own desire grow better and become eager in following the ways of virtue. The simple meaning of the passage that is at hand follows. The beasts and birds have dens and dwellings, but I have nothing to offer of those things that are the objects of general pursuit. I do not have a place where to dwell, rest and lay my head. Profounder thoughts achieve the inner and secret symbolism of the passage. He seems to mean, by the foxes and birds of heaven- those wicked, cunning and impure powers, the herds of demons. We affirm that he did not say this about the material and visible birds. He said this about those impure and wicked spirits that often remove the heavenly seed that fell on the hearts of people and carry it away, so that they may not bring forth any fruit. As long as the foxes and birds have holes and dens in us, how can Christ enter? Where can he rest?"* (Commentary on Luke, Homily 57). The man has been rectified to seek for the virtues of the discipleship first and willingly remove the space for invisible foxes and birds which snatch the seed of Gospel from our hearts through seeking self glory.

To another man whom Jesus called to follow Him, replied- *"Lord, first let me go and bury my father. Jesus said to him, Let the dead bury their own dead, but you go and proclaim the kingdom of God"* (Luke 9:59,60). Jesus rectifies him to discern and accept the "Life" to which he is called rather clinging on to the dead. Let the dead bury their own dead, implies, the people who haven't accepted Christ, have no life in them. And let those dead (in faith) bury their dead. And finally another person says - *"I will follow you, Lord; but first let me go back and say goodbye to my family. Jesus replied, No one who puts a hand to the plow and looks back is fit for service in the kingdom of God"* (Luke 9:61,62). Even the emotional clinging to the families must not be a barrier in accepting Christ or taking up the cross in validating our discipleship.

There are numerous ways to be distracted from the call to discipleship. We must rectify the areas where we have been ignorant and not sincere. We must prioritise Christ over anything (which hinders us from bearing witness). Because, Christian discipleship is the way of life which sets us on the Road to New Jerusalem! As we read in Revelation – *"The wall of the city had twelve foundations, and on them were the names of the twelve apostles of the Lamb...Nothing impure will ever enter it, nor will anyone who does what is shameful or deceitful, but only those whose names are written in the Lamb's book of life"* (Revelation 21:14,27).

**Conclusion**

As we lead bearing the Christian identity, we must often ask ourselves - what is my response to the rejections and hatred in constantly bearing the Gospel of Christ? If we aren't accepted, the spirit of humility and peaceful endurance should not cease in our being. Our continued witness in "Spirit" and "Truth" edifies the Church in all turmoils. Also, we must be aware of the unseen foxes, birds and the things and people prioritised in our lives, which hinder the call of Christian discipleship and distracts us from the Road to New Jerusalem. May God bless us.

◆




മെയ് 23–ന് പരുമലയിൽ ആരംഭിക്കുന്ന ആഗോള ഓർത്തഡോക്സ് വൈദിക സമ്മേളനത്തിന്റെ സ്വാഗതസംഘം ഓഫീസ് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പരുമലയിൽ ഉദ്ഘാടനം ചെയ്തു. വൈദിക സംഘം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. വൈദിക സംഘം ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ വി. ജോർജ്ജ്, ജോയിന്റ് സെക്രട്ടറി ഫാ. ഡോ. മാത്യു വർഗീസ്, പി.ആർ.ഒ. ഫാ. ചെറിയാൻ ടി. സാമുവൽ, പ്രോഗ്രാം കൺവീനർ ഫാ. സ്പെൻസർ കോശി എന്നിവർ പ്രസംഗിച്ചു.



ചന്ദനപ്പള്ളി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളി പെരുന്നാളിനോടനുബന്ധിച്ച് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ‘ഐക്കണോ ജോർജ്ജിയ’ ഫോട്ടോ എക്സിബിഷൻ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് ഉദ്ഘാടനം ചെയ്തു.




കേരളത്തിലെ ക്രൈസ്തവ സഭകൾ ചേർന്ന് ചാലക്കുടി മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ആരംഭിക്കുന്ന ഇന്ത്യൻ ചർച്ച് ഹിസ്റ്ററി മ്യൂസിയത്തിന്റെ അടിസ്ഥാനശില ജാർഖണ്ഡ് ഗവർണർ സിപി രാധാകൃഷ്ണൻ നിർവഹിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ നിന്ന് അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യുഹാനോൻ മാർ പോളിക്കാർപ്പോസ് യോഗത്തിൽ സംബന്ധിച്ചു.




കോന്നി സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ ‘ദിവ്യസ്പർശം’ പദ്ധതിയിൽ നിന്ന് ‘സഹോദരൻ’ പദ്ധതിയിലേക്ക് ഒരു ലക്ഷം രൂപ പ. ബാവായെ ഏൽപ്പിച്ചു.

## ഒന്നര കോടി രൂപയുടെ മേരി ക്യൂരി ഫെല്ലോഷിപ്പ് നേടി ഡോ. ജോണി വർഗീസ്



വാകത്താനം: ശാസ്ത്ര വിഷയങ്ങളിൽ നൽകുന്ന ഫെലോഷിപ്പുകളിൽ ലോകത്തിലെ തന്നെ മികച്ചവയിൽ ഒന്നായ മേരി ക്യൂരി ഫെല്ലോഷിപ്പിന് വാകത്താനം സ്വദേശി ഡോ. ജോണി വർഗീസ് അർഹനായി. ലോകത്തിലെ ഒന്നാംനിര ശാസ്ത്രജ്ഞരോട് മത്സരിച്ചാണ് പ്രതിമാസം 5000 യൂറോയും മറ്റ് ആനുകൂല്യങ്ങളും അടങ്ങുന്ന ഈ ഫെല്ലോഷിപ്പ് നേടിയത്. ജർമനിയിലെ സീജൻ യൂണിവേഴ്സിറ്റിയിൽ രണ്ട് വർഷം ഗവേഷണം നടത്തുന്നതിനാണ് ഈ ഫെല്ലോഷിപ്പ് നൽകിയിട്ടുള്ളത്. പാത്താമുട്ടം സെന്റ്. ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ബിടെക്കും ഹൈദരാബാദ് കേന്ദ്ര സർവകലാശാലയിൽ നിന്നും എംടെക്കും പി.എച്ച്.ഡി.യും കരസ്ഥമാക്കിയതിനുശേഷം കേന്ദ്രസർവകലാശാലയിൽ തന്നെ മെറ്റീരിയൽസ് എഞ്ചിനീയറിയംഗ് പോസ്റ്റ് ഡോക്ടറേറ്റ് ഫെല്ലോ ആയി ഗവേഷണം തുടരുകയായിരുന്നു.

വാകത്താനം ഞാലിയാകുഴി തടത്തിൽ റിട്ട. ജില്ലാ രജിസ്ട്രാർ രാജീവ് വി. ജോണിന്റേയും റിട്ട. അദ്ധ്യാപിക തോട്ടയ്ക്കാട് ചേലമറ്റത്തിൽ ജിസ്സാമി മേരി തോമസിന്റെയും മകനാണ്.



മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം (MGOCSM) ജനറൽ സെക്രട്ടറിയായി ഫാ. ഡോ. വിവേക് വർഗീസിനെ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു.




Inauguration of renovated Emergency Department & Auditorium of Pondicherry Institute of Medical Sciences by Former Metropolitan & President Dr. Yuhanon Mar Diascoros and Diocesan Metropolitan Geevarghese Mar Philoxenos. Pondicherry CM. N. Rangasamy, Panna Lal Director Medopharm, C. Udayakumar IAS, Health and Social welfare Secretary to Govt of Puducherry, Diocesan Secretary: Fr. Thomas Issac, MMM Chaplain: Fr. Abey M Chacko, Chaplain: Fr. Joby George, Asst Chaplain: Fr. Joe Mathew along with other distinguished guests, Board Members of Madras Medical Mission attended.



ആഗോള തീർത്ഥാടന കേന്ദ്രമായ ചന്ദനപ്പള്ളി വലിയപ്പള്ളി പെരുന്നാളിനോടനുബന്ധിച്ചു സെന്റ് ജോർജ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കേന്ദ്ര തപാൽ വകുപ്പിന്റ സഹായത്തോടെ പുറത്തിറക്കിയ സ്റ്റാമ്പ് മുൻ പി.എസ്സ്.സി. മെംബറും രാജ്യാന്തര പ്രവാസി പഠന വിദഗ്ധനുമായ ഡോ. ജിനു സഖറിയ ഉമ്മൻ പ്രകാശനം ചെയ്തു. തീർത്ഥാടക സംഗമത്തിൽ അടൂർ ഗോപാലകൃഷ്ണൻ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കുറിയാക്കോസ് മാർ ക്ലീമിസ്, മാത്യൂസ് മാർ തേവോദോസിയോസ്, റോണി വർഗീസ് പങ്കെടുത്തു.





പരുമല സെൻറ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ അന്താരാഷ്ട്ര നഴ്സിംഗ് ദിനാഘോഷങ്ങൾ നടത്തി. ആശുപത്രി സിഇഒ എം. സി. പൗലോസിന്റെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ ഫിനാൻസ് കോഡിനേറ്റർ ഫാ. തോമസ് ജോൺസൺ കോർഎപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു.



കോട്ടയം ഓർത്തഡോക്സ് സെമിനാരി വിദ്യാർത്ഥികൾ തടാകം ആശ്രമം സന്ദർശിച്ചു.

## പുസ്തകം




# സഭ ദൈവത്തിന്റെ പ്രത്യക്ഷരൂപമായി തീരണം

## ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്



എന്റെ വാത്സല്യമുള്ളവരേ, ഇന്ന് ലോകം മുഴുവൻ സാത്താന്റെ ഭയങ്കരമായ ശക്തി കാണുന്നു. ചിന്തിക്കാത്ത അക്രമം; അതായത് ഒരാൾ ഒരു ദിവസം അല്പം കുടിച്ചിട്ട്, കാണുന്നവരെയെല്ലാം തോക്കെടുത്ത് വെടിവയ്ക്കുന്നു. അമേരിക്കയിൽ സാധാരണ നടക്കുന്ന സംഭവമാണ്. ഒരു കാരണവും വേണ്ട. തന്നെത്താനെ ഇരിക്കുമ്പോൾ എനിക്ക് പുറത്തേയ്ക്ക് പോയി കുറേപ്പേരെ വെടിവയ്ക്കണമെന്ന് തോന്നുക. തോക്കെടുത്ത് വെടിവയ്ക്കുക. ഇതാണ് ചിന്തിക്കാത്ത അക്രമം. സാത്താൻ അവനിൽ പ്രവേശിച്ച് അവനെക്കൊണ്ട് ചെയ്യിക്കുന്നതാണ്. അങ്ങനെയുള്ള അനേക തിന്മകൾ അമേരിക്കയിൽ മാത്രമല്ല ഇവിടെയും ഉണ്ടെന്നുള്ളത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. നമ്മുടെ ആളുകളിലും സാത്താൻ പ്രവേശിച്ച് അനേക തിന്മകൾ ചെയ്യിക്കുന്നു. അങ്ങനെ തിന്മകൾ ചെയ്യിച്ച് സാത്താൻ കൂടുതൽ ശക്തിപ്രാപിക്കുന്ന ഒരു കാലമാണ്.

എന്റെ വാത്സല്യമുള്ളവരേ, സഭ എന്തിനാണ്? ലോകം മുഴുവനും തിന്മയിലേക്ക് പോകുന്ന സമയത്ത് അതിന്റെ പുറകെ സഭയും പോകാതെ സഭ ദൈവഹിതം എന്താണെന്ന് വ്യക്തമാക്കുന്ന ഒരു സമൂഹമായി, ദൈവത്തിന്റെ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു കോളനിയായി, നന്മയ്ക്ക് വേണ്ടി മാത്രം നിൽക്കുന്ന നേരും നീതിയുമുള്ള സമൂഹമായി, മനുഷ്യസ്നേഹമുള്ള ഒരു സമൂഹമായി, ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു സമൂഹമായി, ഇന്ന് നിലനിന്നെങ്കിൽ മാത്രമേ സാത്താന്റെ ശക്തി നശിച്ചുപോകുകയുള്ളു.


എന്റെ വാത്സല്യമുള്ളവരേ, നാം ഓരോരുത്തരും നീതിയോടും വിശുദ്ധിയോടും വ്യാജം പറയാതെയും മറ്റുള്ളവരെ വഞ്ചിക്കാതെയും ദ്രവ്യാഗ്രഹം കൊണ്ട് തെറ്റായ കാര്യങ്ങൾ ചെയ്യാതെയും ഇനിയും ജീവിച്ചില്ല എങ്കിൽ സാത്താന്റെ ശക്തി വർദ്ധിച്ചുകൊണ്ടിരിക്കും. ഞാനും നേരോടും നീതിയോടും സത്യസന്ധതയോടും ദുരാഗ്രഹമില്ലാതെയും താഴ്മയോടും ജീവിച്ചെങ്കിൽ മാത്രമേ എന്റെ സഭയ്ക്ക് നന്മയുണ്ടാകുന്നുള്ളു; ഈ ലോകത്തിനു നന്മയുണ്ടാകുന്നുള്ളു. സഭ സഭയായി തീരണം. സഭ ദൈവത്തിന്റെ പ്രത്യക്ഷരൂപമായി തീരണം. സഭ ക്രിസ്തുവിന്റെ ശരീരമായി, ക്രിസ്തുവിന്റെ സ്വഭാവം ലോകത്തിന് കാണിച്ചു കൊടുക്കണം.

*(1994 നവം.2-ന് പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ ചെയ്ത പ്രസംഗം)*

## പരുമല ആശുപത്രിയിലെ നഴ്സുമാർക്കും മറ്റു ജീവനക്കാർക്കും ശമ്പള വർധന

പരുമല: നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും 15 ശതമാനം മുതൽ 38 ശതമാനം വരെ ശമ്പള വർധന പ്രഖ്യാപിച്ച് പരുമല ആശുപ്രതി. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അധ്യക്ഷതയിലുള്ള മാനേജിങ് കമ്മിറ്റിയാണ് ശമ്പള വർധന തീരുമാനിച്ചത്. ജീവനക്കാർക്കും അവരുടെ ആശ്രിതർക്കുമുള്ള പ്രത്യേക ചികിത്സാ ഇളവുകളും പ്രഖ്യാപിച്ചിട്ടുണ്ട്. പുതുക്കിയ വേതന നിരക്ക് അനുസരിച്ച് നഴ്സുമാർക്ക് 25,000 രൂപ മുതൽ 40,000 രൂപ വരെ പ്രതിമാസ ശമ്പളമായി പ്രവൃത്തി പരിചയത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കും. പുതുക്കിയ നിരക്കിലുള്ള വേതനം ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം നൽകി.

## ഫാ. ജോസഫ് മുള്ളൻകുഴിയിൽ അന്തരിച്ചു



കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അങ്കമാലി ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന ഫാ. ജോസഫ് മുള്ളൻകുഴിയിൽ (76) അന്തരിച്ചു.

കോട്ടയം ഭദ്രാസനത്തിലെ വെള്ളൂക്കുട്ട സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയാണ് മാതൃഇടവക. ശവസംസ്കാരം ഇടവകപള്ളിയിൽ നടന്നു.



## ചോർച്ച

### സജി തേവർകാട്ടിൽ, ഗാന്ധിനഗർ

കുർബാനയ്ക്കന്ത്യത്തിൽ ആളെ ഇരുത്തീട്ട് വികാരി അച്ചൻറെ നീട്ട് കേട്ടു
'ചോരുന്നു മക്കളെ പള്ളീടെ മേൽക്കൂര ആയതുപോലെയെൻ മേടയൊപ്പം.
കൂടണം മക്കളെ യോഗമതിന്നായി വേഗത്തിൽ പോംവഴി തേടണം നാം.

വൈകണ്ട വൈദിക, കൂടിടാം ഇപ്പോ നാം
ആളെ ഇരുത്തുക യോഗമാകാം
പള്ളി പ്രമാണിയെ കേൾക്കേണ്ട താമസം ആൾക്കാരിരിക്കുവാൻ അച്ചനോതി.

ഘോരമാം ചോർച്ച തൻ ഘോര പ്രകൃതത്തെ ഘോരമാം ഭാഷയിൽ വർണിച്ചങ്ങോർ

കേട്ടൊരാ ജനത തൻ രോമവിജൃംഭനം
പരിണിതരൂപമോ കമ്മറ്റിയായ്.

ചോർച്ചയടയ്ക്കണം പള്ളി പുതുക്കണം
ആലോചനയ്ക്കവിടന്തമില്ല
പള്ളി പുനർപണി ആഘോഷമാക്കിടാൻ
ഓഫറായെത്തി ശതായിരങ്ങൾ

മൂലയ്ക്കിരുന്നെകതാരിലൂടെയൊരായിരം
ചോർച്ച കളോടിയെത്തി.

എന്തിനുമേതിനുംകാശാഗ്രഹിക്കുന്ന
വികാരി അച്ചനു മൂല്യച്ചോർച്ച.
എപ്പോഴും വാദ്യങ്ങൾവായിച്ചലറുന്ന ഗായകസംഘത്തിൻ ശ്രുതിചോർച്ച.
എല്ലാറ്റിനും മൈക്കു വായിൽ തിരുകുന്ന ശുശ്രൂഷക്കാരനു ധർമ്മച്ചോർച്ച
ആരാധനാമധ്യെ ആളക്കൂട്ടീടുന്ന കമ്മറ്റിക്കാരനു ലക്ഷ്യചോർച്ച

ആൾക്കാരെ കാണിക്കാൻ എന്നും
വായതുറക്കുന്ന അൽമായക്കാരനു ഭക്തി ചോർച്ച.
ആളു കളിക്കുവാൻ ആരാധ്യനാകുവാൻ
ആ ഡംഭു കാരനു സ്നേഹ ചോർച്ച.
പള്ളിക്കാര്യങ്ങളിൽ മറിമായം കാട്ടുന്ന
പള്ളികൈക്കാരനു സത്യചോർച്ച

ചോർച്ചകളീവിധമേറയാണെൻ പ്രഭോ
എന്റെ പള്ളീടെ, സഭേടെ, 'ആത്മീയചോർച്ച' ഇനി ആരു മാറ്റും??

## മാർ നിക്കോളവോസിന്റെ മാതാവ് സൂസി ജോർജ് അന്തരിച്ചു



മേപ്രാൽ: പുതികോട് പരേതനായ പ്ലാന്റർ നിലമ്പൂർ ഇടക്കര പി. ജി. ജോർജിന്റെ ഭാര്യ സൂസി ജോർജ് (96) അന്തരിച്ചു. മണമേൽ എം. സി. പോത്തന്റെ (സീനിയർ) മകളാണ്. സ്വാതന്ത്ര്യസമരകാലത്ത് വിദ്യാർഥി പ്രസ്ഥാനത്തിൽ സജീവമായിരുന്നു. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജിൽ (1947-48) സ്പീക്കറായിരുന്നു.

മക്കൾ: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ സക്കറിയാസ് മാർ നിക്കോളാവാസ്, രഞ്ജിനി എലിസബത്ത് ജോർജ്, അഡ്വ. പി. ജി. മാത്യു മഞ്ചേരി, അഡ്വ. ജോർജ് പോത്തൻ കൽപറ്റ, ജോർജ് ജി. പുതികോട് (അഡ്വ, കേരള ഹൈക്കോടതി). മരുമക്കൾ: ഡോ. പി. പി. ജോർജ് പൈനാടത്ത് (യുകെ), ആഷ എലിസബത്ത് ഇഞ്ചിക്കാലായിൽ, സുനു മേരി പറമ്പിൽപീടിക, നിഷ അന്ന പടിഞ്ഞാറേക്കര.

## എം. ടി. കൊച്ചുകുഞ്ഞ് അന്തരിച്ചു



മുംബൈ: ഭദ്രാസനത്തിന്റെ വളർച്ചയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയും, ഭദ്രാസനത്തിലെ മുളുണ്ട്, പൗവൈ ഇടവകകളുടെ സ്ഥാപകാംഗവും കൂടിയായ എം. ടി. കൊച്ചുകുഞ്ഞ് അന്തരിച്ചു.

മുംബൈയിലെ ഇൻഡസ്ട്രിയൽ നിർമ്മാണ രംഗത്തെ പ്രമുഖ സ്ഥാപനമായ Ray എഞ്ചിനീയറിംഗ് ഗ്രൂപ്പിന്റെ ചെയർമാനാണ്. സംസ്കാരം മെയ് 12-ന് ഇടവകപള്ളിയായ നിരണം പള്ളിയിൽ നടന്നു.